## അല്ലാഹുവിന്റെ വചനം

وَبِالْوَالِدَيْنِ اِحْسَانًا
وَّذِی الْقُرْبٰی
وَالْيَتٰمٰی وَالْمَسٰكِيْنِ
(سورة البقرة :84)

*ലാ തഅ്ബുദൂന ഇല്ലല്ലാഹ വ ബിൽ വാലിദയ്നി ഇഹ്സാനൻവ്വദിൽ ഖുർ ബാ വൽയത്താമാ വൽമസാ ക്കീൻ*

നിങ്ങൾ അല്ലാഹുവിനെയല്ലാതെ ആരാധിക്കരുത്. മാതാപിതാക്കൾക്കും അടുത്ത ബന്ധുക്കൾക്കും അനാഥർക്കും അഗതികൾക്കും നിങ്ങൾ നന്മ ചെയ്യുവിൻ(2:84)

بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ   نَحْمَدُهٗ وَنُصَلِّیْ عَلٰی رَسُوْلِهِ الْكَرِيْمِ   وَعَلٰی عَبْدِهِ الْمَسِيْحِ الْمَوْعُوْد

وَلَقَدْ نَصَرَكُمُ اللّٰهُ بِبَدْرٍ وَّاَنْتُمْ اَذِلَّةٌ

വാല്യം 3

ലക്കം 9

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാർഷിക വരിസംഖ്യ 300 രൂപ

പത്രാധിപർ
എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ
മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മാർച്ച് 01/ഹി:ശം:1397 അമാൻ 01/ഹി:ഖ:1439 ജമാദുൽആഖിർ 12


## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു.**
**വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു.**
**വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാകുകയാണ്.**
**ആകാശത്തിൽനിന്ന് വരുന്നവൻ അനുഗൃഹീതൻ.**
**വാത്സല്യ പുത്രൻ. മഹാഭാഗ്യവാനായുള്ളവൻ.**

مَظْهَرُ الْاَوَّلِ وَالْاٰخِرِ۔ مَظْهَرُ الْحَقِّ وَالْعُلَاءِ كَاَنَّ اللّٰهَ نَزَلَ مِنَ السَّمَاءِ

## വാഗ്ദത്ത പരിവർത്തനകാരിയെ സംബന്ധിച്ച് പ്രവചനം

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ് വ മഹ്ദിയെ മഅ്ഹൂദ് അലയ്ഹിസ്സലാത്തുവസ്സലാം 1886 ഫെബ്രുവരി 20ന് ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. അതിൽ *'മുസ്ലിഹ് മൗഊദ്'* അഥവാ വാഗ്ദത്ത പരിവർത്തനകാരിയെ സംബന്ധിച്ചുള്ള മഹത്തായൊരു പ്രവചനത്തെ കുറിച്ച് പറയുന്നു:

അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറഞ്ഞു: "ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നല്കുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര (ലുധിയാന, ഹോശിയാർപൂർ യാത്ര) നിനക്ക് അനുഗ്രഹമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം. ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷ ലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്ലാംമതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരുമയും ജനങ്ങൾക്ക് വെളിപ്പെടുന്നതിനും ഞാൻ സർവ ശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിനു മനസ്സിലാകുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്കു ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. അതിനാൽ നിനക്കു സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്കു നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു നല്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുള്ളവൻ തന്നെയായിരിക്കും.

സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് ഇമ്മാനുവേൽ എന്നും ബശീറെന്നുമാണ്. അവന് പാവനമായ ആത്മാവ് നല്കപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽനിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ അതായത് നൂറുല്ലാഹ് ആയിരിക്കും. ആകാശത്തിൽനിന്ന് വരുന്നവൻ അനുഗൃഹീതൻ. അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവുമുള്ളവനായിരിക്കും. അവൻ ലോകത്തു വന്ന് തന്റെ മസീഹീ ഗുണവും റൂഹുൽഹഖിന്റെ (അതായത് സത്യത്തിന്റെ ആത്മാവ്) അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് അല്ലാഹുവിന്റെ വചനമാകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്ത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനുമായിരിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും(ഇതിന്റെ അർഥം മനസ്സിലായിട്ടില്ല.)തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച. വാത്സല്യപുത്രൻ. മഹാഭാഗ്യവാനായുള്ളവൻ. *മള്ഹറുൽ അവ്വലി വൽആഖിരി മള്ഹറുൽ ഹഖ്ഖി വൽഉലാ കഅന്നല്ലാഹ നസല മിനസ്സമാഇ* ആദ്യന്തരഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ; അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ. അവന്റെ ആവിർഭാവം എത്രയും അനുഗ്രഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രതാപശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽനിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ അവനുള്ള ആത്മസ്ഥാനത്തേക്ക് കരേറ്റപ്പെടും. *വ കാന അംറൻ മഖ്ളിയ്യാ* അതു വിധിച്ചുപോയ കാര്യമാകുന്നു."

**(സബ്സ് ഇശ്തിഹാർ ഫെബ്രുവരി 20)**


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്റാൻ ബദ്ർ ബോർഡ്,ഖാദിയാൻ

(2017-ൽ നടന്ന 123-ാമത് ജൽസസാലാനയുടെ സംക്ഷിപ്ത റിപ്പോർട്ട്(തുടങ്ങിയതുമുതൽ 126-ാമത്)

# അഹ്മദിയ്യാകേന്ദ്രമായ ഖാദിയാൻ ദാറുൽഅമാനിൽ 123-ാമത് ജൽസസാലാന വിജയകരമായനിലയിൽ സമാപിച്ചു.

**മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യാ ഇന്റർനാഷണൽ മുഖേന സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലായുടെ അത്യുജ്ജ്വലമായ ആത്മീയ പ്രഭാഷണം.**

**●44 രാജ്യങ്ങളിൽനിന്ന് പ്രതിനിധികൾ. 20,048 പേർ ജൽസയിൽ പങ്കെടുത്തു.**

**●ഹുദൂറിന്റെ സമാപന പ്രഭാഷണത്തിൽ ലണ്ടനിൽ 5300 പ്രതിനിധികൾ സന്നിഹിതരായി.**

**●തഹജ്ജുദ് നമസ്കാരം. ●ദർസുൽഖുർആൻ. ●ദിക്റെ ഇലാഹിയുടെ തികവാർന്ന അന്തരീക്ഷം. ●ആദരണീയരായ ആലിംകളുടെ ഉജ്ജ്വല പ്രസംഗങ്ങൾ. ●സർവമത സമ്മേളനം. ●അതിഥികളുടെ പരിചയപ്പെടുത്തൽ ഭാഷണം. ●ദേശീയവും അന്തർദേശീയവുമായ ഭാഷകളിൽ പരിഭാഷ. ●അഹ്മദികളുടെ അറിവുകളിൽ വർധനവരുത്തുന്നതിന് ശിക്ഷണപരമായ കാര്യങ്ങളടങ്ങിയ ഡോക്യുമെന്ററികളും പ്രദർശനങ്ങളും. ●32 വിവാഹ വിളംബരങ്ങൾ. ●പ്രിന്റ്-ഇലക്ട്രോണിക് മാധ്യമങ്ങളിൽ ജൽസയുടെ കവറേജ്. ●സമാധാനപരവും സന്തോഷഭരിതവുമായ അന്തരീക്ഷത്തിൽ ജൽസയ്ക്ക് സമാപനം. ●ഡിസംബർ 20 മുതൽ 22വരെ എം.ടി.എ ഇന്റർ നാഷണൽ ഖാദിയാൻ സ്റ്റുഡിയോയിൽനിന്ന് അറബി പ്രോഗ്രാം "ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ്"ന്റെ തൽസമയ സംപ്രേഷണം. ●ജനുവരി 3 മുതൽ 5 വരെ 'The Messiah of the Age' എന്ന ശീർഷകത്തിൽ ആഫ്രിക്കൻ രാജ്യങ്ങൾക്കുവേണ്ടി തൽസമയ സംപ്രേഷണം.**

## ഖാദിയാൻ ജൽസ (അവസാന ഭാഗം)

### വനിതാസമ്മേളനം:

ജൽസ ദിനങ്ങളിൽ ഓരോ വർഷവും രണ്ടാമത്തെ ദിവസം വനിതകളുടെ പ്രത്യേക സമ്മേളനം നടക്കാറുണ്ട്. ഈ വർഷം ഈ സമ്മേളനം 2017 ഡിസംബർ 30ന് ഉച്ചകഴിഞ്ഞ് സാഹിബ് സാദ മിർസാ ഗുലാം അഹ്മദ് സാഹിബിന്റെ സഹധർമ്മിണി(റബ്വ) സാഹിബ് സാദി അമത്തുൽ ഖുദ്ദൂസ് ബീഗം സാഹിബയുടെ അധ്യക്ഷതയിൽ സംഘടിപ്പിച്ചു. ഖാദിയാനിലെ വജീഹ ബിശാറത്ത് സാഹിബ സൂറത്ത് ബനീ ഇസ്റായേലിലെ 9-ാമത്തെ ഖണ്ഡിക പാരായണം ചെയ്തു. മുആവിന വാഖ്ഫാത്തെ നൗ ഖാദിയാൻ, അമത്തുൽ ഹാദീ ശീരീൻ സാഹിബ ആ വചനങ്ങളുടെ തർജമ അവതരിപ്പിച്ചു. ഖസാഖിസ്താൻ ലജ്ന ഇമാഇല്ലാഹ് സ്വദ്ർ ഗുദേൽ സ്വഫിയുൽ ബയ്യിന സാഹിബ ഖസ്വീദ കേൾപ്പിച്ചു. സെക്രട്ടറി തഹ്‌രീക്കെ ജദീദ് ലജ്ന ഇമായില്ലാഹ് ഭാരത് അമത്തുൽ ബാസിത് ബുശ്റാ സാഹിബ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധപദ്യം '*ഹർ ത്വറഫ് ഫിക്ർ കൊ ദൗഡാകെ ഥക്കായ ഹംനേ*' മനോഹരമായ ഈണത്തിൽ ആലപിച്ചു. പരിപാടിയിലെ ആദ്യപ്രസംഗം നാഇബ് സ്വദ്ർ ലജ്ന ഇമായില്ലാഹ് ഭാരത് അമത്തുൽ വാസിഅ് ശമായില സാഹിബ നിർവഹിച്ചു. "അനാചാരങ്ങൾക്കെതിരെ ജിഹാദും അഹ്മദീ മാതാക്കളുടെ ഉത്തരവാദിത്വവും' എന്നതായിരുന്നു വിഷയം. തുടർന്ന് ഖാദിയാനിലെ സ്വഫിയ ഹബീബ് സാഹിബ, നബി(സ) തിരുമേനിയെ പുകഴ്ത്തികൊണ്ടുള്ള പദ്യം 'വൊ അഹ്മദ് ഭീ ഹെ, ഔർ മുഹമ്മദ് ഭീ ഹെ' ആലപിച്ചു. രണ്ടാമത്തെ പ്രസംഗം ലജ്ന ഇമായില്ലാഹ് മുൻസ്വദ്ർ ശമീം അഖ്തർ ഗ്യാനീ സാഹിബയുടേതായിരുന്നു. 'കുട്ടികളുടെ ശിക്ഷണം, നമസ്കാരങ്ങളുടെ പാലനവും, അഹ്മദീ മാതാക്കളുടെ ചുമതലകളും' എന്നതായിരുന്നു വിഷയം. ചെന്നൈയിലെ ചില ലജ്ന ഇമായില്ലാഹ് അംഗങ്ങൾ തമിൾ ഭാഷയിൽ സംഘഗാനമാലപിക്കുകയും ആഫിയ ഫള്ൽ സാഹിബ അതിന്റെ ഉർദു തർജമ കേൾപ്പിക്കുകയും ചെയ്തു. ജൽസയുടെ സമാപനത്തിൽ, യോഗാധ്യക്ഷ സ്വാഹിബ് സാദി അമത്തുൽ ഖുദ്ദൂസ് ബീഗം സാഹിബ വിലപിടിച്ച ചില ഉപദേശങ്ങൾ നൽകി. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ പാരായണം ചെയ്യുന്നതിലേക് അംഗങ്ങളുടെ ശ്രദ്ധ ക്ഷണിച്ചു. അല്ലാഹുവിന്റെ പ്രീതി കരസ്ഥമാക്കുന്നതിന് നബി(സ)തിരുമേനിയെ പിൻപറ്റാനും ആ മഹാത്മാവിനെ പിൻപറ്റാൻ തൗഫീഖ് കിട്ടുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ് (അ)നെ വിശ്വസിക്കേണ്ടത് നിർബന്ധമാണെന്നും പറഞ്ഞു. ഈ അവസരത്തിൽ 7333 അംഗങ്ങൾ ജൽസാഗാഹിൽ സന്നിഹിതരായിരുന്നു. ദുആയ്ക്കുശേഷം ഈ ജൽസ സമംഗളം സമാപിച്ചു.

**താമസ സൗകര്യം:** ഈ വർഷം ജൽസയുടെ ഏർപാടുകൾക്കും അതിഥികളുടെ താമസവും ഭക്ഷണവും മറ്റു ആവശ്യങ്ങളും പരിഗണിച്ച് 33 കമ്മിറ്റികളും 30 താമസസ്ഥലങ്ങളും തയ്യാറാക്കിയിരുന്നു. 4 ഭക്ഷണശാലകൾ പ്രവർത്തിച്ചു. ഖാദിയാനിലെ എല്ലാ ഹൽഖകളിലും വീടുകളിൽ താമസിക്കുന്ന അതിഥികൾക്കും വേണ്ടി 6 സ്ഥലങ്ങളിൽ ഭക്ഷണം വിതരണം ചെയ്യാൻ ഏർപ്പാട് ചെയ്തിരുന്നു.

**ഖിദ്മത്തെ ഖൽഖ് വകുപ്പ്:** ജൽസ സാലാന ഖാദിയാനിന്റെ വകുപ്പുകളിൽ പ്രധാനപ്പെട്ട ഒന്നാണ് ഖിദ്മത്തെ ഖൽഖ്. ഇതിന്റെ കീഴിലാണ് അടിസ്ഥാനപരമായ നിലയിൽ ഏർപാടുകളും നിയന്ത്രണങ്ങളും സംരക്ഷണചുമതലകളും നിറവേറ്റപ്പെടുന്നത്. ഈ വർഷം ഈ വകുപ്പിനു കീഴിൽ ഡ്യൂട്ടി നല്കുന്നതിന് ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽനിന്ന് 683 ഖുദ്ദാമും അൻസ്വാറുല്ലാഹ് സ്വഫ്ഫെ ദോമിലെ 55 അംഗങ്ങളും സന്നദ്ധസേവകരായി എത്തിയിരുന്നു.

ഈ വകുപ്പിനു കീഴിൽ ജൽസസാലാനയിൽ പങ്കെടുക്കുന്ന എല്ലാ അതിഥികൾക്കും ഫോട്ടോ പതിച്ച ജൽസ രജിസ്ട്രേഷൻ കാർഡ്, പ്രത്യേക ബാരിക്കോടു കൂടി വിതരണം ചെയ്യപ്പെട്ടു. നമസ്കാര സമയങ്ങളിൽ ദാറുൽ മസീഹിന്റെ വഴികളിലും മൊഹല്ലയിലെ ഇടവഴികളിലും നിയന്ത്രണങ്ങൾ സ്ഥാപിക്കുന്നതിന് ഖുദ്ദാം ഡ്യൂട്ടികൾ നല്കി. ദാറുൽ മസീഹ്, ബിഹിശ്തി മഖ്ബറ, ജൽസാഗാഹ്, ഖാദിയാനിലെ കേന്ദ്ര മസ്ജിദുകൾ, എല്ലാ താമസസ്ഥലങ്ങളിലും ഖുദ്ദാമിന്റെ സ്ഥിരമായ ഡ്യൂട്ടികൾ ഏർപ്പെടുത്തിയിരുന്നു. ഇപ്രകാരം അൽഖുർആൻ എക്സിബിഷൻ, അന്നൂർ എക്സിബിഷൻ, ചിത്രപ്രദർശനം, ഹ്യൂമാനിറ്റി ഫെസ്റ്റ് എക്സിബിഷൻ തുടങ്ങിയ സ്ഥലങ്ങളിൽ ധാരാളം അതിഥികൾ സന്ദർശിച്ചിരുന്നു. ഖുദ്ദാം അവിടെയും ഡ്യൂട്ടികൾ നല്കി. ഈ വർഷം ദാറുൽ ബയ്അത്ത് ലുധിയാന, ഹോശിയാർപൂരിലെ തപോയജ്ഞവീട്, തുടങ്ങിയ സ്ഥലങ്ങളിലും ഡ്യൂട്ടികൾ ഏർപെടുത്തിയിരുന്നു. ഈ വകുപ്പിനു കീഴിൽ ഇന്ത്യാ-പാക്കിസ്താൻ ബോർഡർ, റെയിൽവെ സ്റ്റേഷൻ, എയർപോർട്ട് തുടങ്ങിയ സ്ഥലങ്ങളിലും അതിഥികളുടെ സൗകര്യാർഥം ഖുദ്ദാമിന്റെ ഡ്യൂട്ടികൾ ഏർപ്പെടുത്തി. വിളംബരം ചെയ്യാനുള്ള ഓഫീസും സ്ഥാപിച്ചിരുന്നു. ഇതിനുകീഴിൽ അതിഥികളുടെ കളഞ്ഞുപോകുന്നതും കിട്ടുന്നതുമായ വസ്തുക്കളെ സംബന്ധിച്ച് വിളംബരം ചെയ്തുകൊണ്ടിരുന്നു. ഫസ്റ്റ് എയ്ഡ് എമർജൻസി ഓഫീസും പ്രവർത്തിച്ചിരുന്നു. ഇതിനുകീഴിൽ 24 മണിക്കൂറും അതിഥികളുടെ സൗകര്യാർഥം ഖുദ്ദാം ഡ്യൂട്ടികൾ നല്കിക്കൊണ്ടിരുന്നു. അല്ലാഹു എല്ലാ ഖുദ്ദാം അൻസ്വാർ സന്നദ്ധ

(ശേഷം പേജ് 11ൽ)




"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**അഹ്മദികളായ നമ്മുടെമേൽ അല്ലാഹുവിന്റെ വലിയ വരപ്രസാദമാണുള്ളത്. അസ്വസ്ഥരായിക്കൊണ്ട് പിടച്ച് പിടച്ച് വിനയത്തോടെ അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുകയും അവനോടു ദുആ ഇരക്കുകയും ചെയ്താൽ ദുആകൾ കേൾക്കുമെന്ന കാര്യം നമ്മളിലെ വലിയവരും ചെറിയവരുമായ ഭൂരിഭാഗമാളുകളും മനസ്സിലാക്കുന്നവരാണ്. ചിലപ്പോൾ അന്യരേയും വിസ്മയിപ്പിക്കുന്ന വിധത്തിലുള്ള ദുആ സ്വീകാര്യതയുടെ സംഭവങ്ങളുമുണ്ടാകുന്നു.**

**ലോകത്തിലെ വിവിധ രാജ്യങ്ങളുമായി ബന്ധം വെക്കുന്ന അഹ്മദികളുടെ ദുആ സ്വീകാര്യതയുടെ ഈമാൻ ദൃഢീകരിക്കുന്ന സംഭവങ്ങളുടെ ചർച്ച**

**പാക്കിസ്താനിലെ മുല്ലാക്കമാരുടെ മനസ് അല്ലാഹുവിന്റെ ഭയത്തിൽനിന്ന് തികച്ചും കാലിയാണ്. അല്ലാഹുവിന്റെ പേരിൽ അവന്റെ കല്പനകൾ ലംഘിക്കുന്നു. ഇവർ തന്നെയാണ് ജനതയിലും വിള്ളലുണ്ടാക്കിയിട്ടുള്ളത്. അല്ലാഹു ജനതയുടെ മേൽ കരുണ ചെയ്യുമാറാകട്ടെ. ആ അക്രമികളിൽനിന്ന് ജനതയേയും പെട്ടെന്ന് വിടുവിപ്പിക്കുമാറാകട്ടെ.**

**സദ്ർ അഞ്ചുമൻ അഹ്മദിയ്യാ പാക്കിസ്താന്റെ മുൻ നാളിം ജാഇദാദായിരുന്ന ചൗദരീ നിഅ്മത്തുല്ലാഹ് സാഹി സാഹിബിനേയും പാക്കിസ്താനിലെ ശേയ്ഖ്പൂരാ വാസിയായ സഫ്റുല്ലാഹ്ഖാൻ ബട്ടർ സാഹിബിനേയും കുറിച്ചുള്ള അനുസ്മരണവും ജനാസ ഗാഇബും.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ ജനുവരി 26/1397 സുൽഹ് 26**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അവസരത്തിൽ ദുആയുടെ തത്ത്വം വിവരിച്ചുകൊണ്ട് പറഞ്ഞു: "ഒരു കൈക്കുഞ്ഞ് വിശപ്പു സഹിക്കവയ്യാതെ പാലിനുവേണ്ടി കരയുകയും നിലവിളിക്കുകയും ചെയ്യുമ്പോൾ മാതാവിന്റെ സ്തനങ്ങളിൽ പാല് അലയടിച്ചുയരുന്നു. ആ കുഞ്ഞാണെങ്കിൽ ദുആയുടെ പേരുപോലും അറിയുന്നില്ല. പക്ഷേ, ആ കുഞ്ഞിന്റെ കരച്ചിൽ പാല് എങ്ങനെയാണ് വലിച്ചുകൊണ്ടു വരുന്നത്." പറഞ്ഞു: "ചില ഘട്ടങ്ങളിൽ കുഞ്ഞിന് പാലു കൊടുക്കണമെന്ന വിചാരവും മാതാക്കൾക്ക് ഉണ്ടാകുകയില്ല. എന്നാൽ, കുഞ്ഞിന്റെ നിലവിളികൾ പാല് വലിച്ചുകൊണ്ടുവരുന്നു." അവിടന്ന് പറയുന്നു: "അങ്ങനെ വരുമ്പോൾ നമ്മൾ അല്ലാഹുവിന്റെ സന്നിധിയിൽ നിലവിളിക്കുമ്പോൾ ഒന്നുംതന്നെ വലിച്ചുകൊണ്ടു വരികയില്ലെന്നാണോ? കൊണ്ടുവരുന്നുണ്ട്. എല്ലാം കൊണ്ടുവരുന്നുണ്ട്. എന്നാൽ, മഹാപണ്ഡിതരും തത്ത്വജ്ഞാനികളുമായിട്ടിരിക്കുന്ന കണ്ണുകൾക്ക്, അന്ധത ബാധിച്ചിട്ടു ള്ളവർക്ക് ഒന്നും കാണാൻ കഴിയുകയില്ല." അവിടന്ന് പറഞ്ഞു: "കുഞ്ഞുങ്ങൾക്ക് മാതാക്കളുമായിട്ടുള്ള ബന്ധം മനസ്സിൽവച്ച് ദുആയുടെ തത്ത്വത്തിൽ ചിന്തിക്കുകയാണെങ്കിൽ, അത് വളരെ സരളവും ലളിതവുമായി മനസ്സിലാകുന്നതാണ്."(മൽഫൂദാത്ത് വാള്യം 1 പേജ് 129, 1985 ലണ്ടൻ പതിപ്പ്)

അഹ്മദികളായ നമ്മുടെമേൽ അല്ലാഹുവിന്റെ വലിയ വരപ്രസാദമാണുള്ളത്. അസ്വസ്ഥരായിക്കൊണ്ട് പിടച്ച് പിടച്ച് വിനയത്തോടെ അല്ലാഹുവിന്റെ സന്നിധിയിൽ കുനിയുകയും അവനോടു ദുആ ഇരക്കുകയും ചെയ്താൽ ദുആകൾ കേൾക്കുമെന്ന കാര്യം നമ്മളിലെ വലിയവരും ചെറിയവരുമായ ഭൂരിഭാഗമാളുകളും മനസ്സിലാക്കുന്നവരാണ്. ചിലപ്പോൾ അന്യരേയും വിസ്മയിപ്പിക്കുന്ന വിധത്തിലുള്ള ദുആ സ്വീകാര്യതയുടെ സംഭവങ്ങളുമുണ്ടാകുന്നു. വിവിധ റിപ്പോർട്ടുകളിൽ വരുന്ന അത്തരം ചില സംഭവങ്ങൾ ഇപ്പോൾ ഞാൻ സമർപ്പിക്കുന്നതാണ്. ചിലപ്പോൾ നിരാശയുടെ അവസ്ഥ ഉണ്ടാകാറുണ്ടെന്നും നാലുഭാഗത്തും അങ്ങനെ നിരാശയുടെ അവസ്ഥ ഉണ്ടാകുമ്പോൾ ഞങ്ങൾ അല്ലാഹുവിന്റെ മുന്നിൽ കുനിഞ്ഞപ്പോൾ അല്ലാഹു അനുഗ്രഹം ചൊരിഞ്ഞുവെന്നും അത് ഞങ്ങളുടെ ഈമാന്റെ കരുത്തിന് നിമിത്തമായെന്നും ധാരാളമാളുകൾ എനിക്കെഴുതുന്നു. ഞാനിപ്പോൾ വിവിധ റിപ്പോർട്ടുകളിൽനിന്ന് ലഭ്യമായ അത്തരം ചില സംഭവങ്ങൾ പറയുന്നതാണ്.

നാളിർ ദഅ്വത്തെ ഇലല്ലാഹ് ഖാദിയാൻ എഴുതുന്നു: "ഹോശിയാർപൂർ ജില്ല അമീർ പറഞ്ഞു: കുറച്ചു വർഷം മുമ്പേ അദ്ദേഹത്തിന്റെ ഗ്രാമമായ ഘേഡാഅച്ഛർവാളിൽ മഴയുണ്ടാകാത്ത കാരണത്താൽ ഗ്രാമവാസികൾ വളരെ വിഷമിച്ചു. കിണറിലെ വെള്ളവും അടിഭാഗത്തെത്തി കഴിഞ്ഞിരുന്നു. ഇവിടത്തെ ഭൂരിഭാഗം ഹിന്ദുക്കളും മുഅല്ലിം സാഹിബിനോടു ദുആ ചെയ്യാൻ പറഞ്ഞു. കിഴക്കൻ പഞ്ചാബിൽ മുഅല്ലിമിനെ മിയാജി എന്നാണ് വിളിക്കുന്നത്. അഹ്മദി മുഅല്ലിമിനോടു ദുആ ചെയ്യാൻ പറഞ്ഞാൽ തീർച്ചയായും മഴ പെയ്യുമെന്ന് അവർക്ക് ഉറപ്പുണ്ടായിരുന്നു. എന്തായാലും നമ്മുടെ മുഅല്ലിം ആദ്യം അവർക്കു ഇസ്‌ലാമിക പ്രാർഥനയുടെ മര്യാദകൾ പറഞ്ഞുകൊടുത്തു. അല്ലാഹുവിന്റെ സിഫത്തുകൾ അഥവാ വിശേഷ ഗുണങ്ങളും പറഞ്ഞു. പിന്നീട് ദുആ ചെയ്യിച്ചു. അല്ലാഹു അഹ്മദിയ്യാ ജമാഅത്തിന്റെ ആ മുഅല്ലിമിന്റെ ദുആ സ്വീകരിച്ചു. അവന്റെ കൃപയാൽ രണ്ടു മൂന്ന് മണിക്കൂറിനുള്ളിൽ കനത്ത മഴ പെയ്യിച്ചുകൊണ്ട് താൻ ദുആ കേൾക്കുന്നവനാണെന്നതിന് അല്ലാഹു തെളിവു നല്കി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ സംഭവം മുഖേന ഗ്രാമം മുഴുവൻ നല്ല സ്വാധീനമുണ്ടായി. അഹ്മദികളുടെ ദുആകൾ കാരണത്താൽ മഴ പെയ്തുവെന്ന് ഗ്രാമവാസികൾ പരസ്യമായി പറഞ്ഞു."

ഫിജിയിലെ അമീർ സാഹിബ് എഴുതുന്നു: ദ്വീപു സമൂഹങ്ങളിലെ ഫിജിയുടെ സമീപമുള്ള ഒരു ചെറിയ ദ്വീപാണ് ത്വവാലു. അവിടെ പര്യടനം നടത്താൻ പോകുന്നതിനുമുമ്പേ ത്വുവാലുവിലെ മുബല്ലിഗ് പറഞ്ഞു: ഇവിടെ കാലമേറെയായിട്ടും മഴയുണ്ടായിട്ടില്ല. വെള്ളത്തിന് മഴയെയാണ് ആശ്രയിക്കുന്നത്. അങ്ങനെ പര്യടനത്തിന് ഇറങ്ങുന്നതിന് മുമ്പേ മഴയ്ക്കുവേണ്ടി ദുആ ചെയ്യുക എന്നു പറഞ്ഞ് അദ്ദേഹം എനിക്കു കത്തെഴുതി, പറയുന്നു: ഞങ്ങൾ വൈകുന്നേരം ത്വുവാലുവിൽ എത്തിയപ്പോൾ അവിടത്തെ ആളുകൾ വെള്ളം തികച്ചും വറ്റിക്കൊണ്ടിരിക്കുന്നുവെന്നുള്ള വളരെയേറെ ബുദ്ധിമുട്ടുകൾ പറഞ്ഞു. അദ്ദേഹം പറയുന്നു: 'ഞാൻ ആ ദിവസം രാത്രിയിൽ ഇശാ നമസ്കാരത്തിന്, നമസ്കാരത്തിലെ അവസാന സുജൂദിൽ മഴയ്ക്കുവേണ്ടി ദുആ ചെയ്യുന്നതാണെന്ന് വിളംബരം ചെയ്തു. അങ്ങനെ അല്ലാഹു ആ ദുആ സ്വീകരിച്ചു. രാത്രിയിൽ അല്ലാഹുവിന്റെ കാരുണ്യത്തിന്റെ മഴ പെയ്തു. അതിനുശേഷം മൂന്നു നാലു പ്രാവശ്യം മഴ പെയ്തു. വാനനിരീക്ഷകരുടെ റിപ്പോർട്ടനുസരിച്ച് ദീർഘകാലത്തേക്ക് മഴപെയ്യുകയില്ലെന്ന പ്രവചനമാണുണ്ടായിരുന്നത്. പറയുന്നു: അതിനുശേഷം ഞങ്ങൾ എവിടെപ്പോയാലും നിങ്ങൾ വന്നപ്പോൾ മഴപെയ്തുവെന്ന് ആളുകൾ പറഞ്ഞു. കത്തോലിക്ക ചർച്ചിന്റെ ബിഷപ്പും ഫൗനഫൗഖി ഗോത്രത്തിന്റെ ഒരു വലിയ ചീഫും, ഇതു അല്ലാഹുവിന്റെ കൃപയൊന്നുമാത്രമാണെന്നും ജമാഅത്തിന്റേയും നിങ്ങളുടെ ഖലീഫയുടേയും ദുആകളാണ് ഇപ്രകാരം അസാധാരണമായ നിലയിൽ ഇവിടെ മഴപെയ്യിച്ചതെന്നും പറയുകയുണ്ടായി. ഈ മഴ അഹ്മദികളുടെ ഈമാൻ മാത്രമല്ല വർധിപ്പിച്ചത്; അന്യജമാഅത്തുകൾക്കും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യത്തിനുള്ള ഒരു അടയാളമായി.

ചിലയിടത്ത് മഴ ഉണ്ടാകുന്നത് അല്ലാഹുവിന്റെ സഹായത്തിന്റേയും സ്വാകാര്യതയുടേയും ദൃഷ്ടാന്തമായിത്തീരുന്നുവെങ്കിൽ ചിലയിടത്ത് മഴ നിലയ്ക്കുക എന്നതാണ് ദുആ സ്വീകാര്യതയുടെദൃഷ്ടാന്തമായിമാറുന്നത്. അന്യർ ഇസ്‌ലാം സ്വീകരിച്ചാലും ഇല്ലെങ്കിലും വേണ്ടില്ല പക്ഷേ, ഇസ്‌ലാമിന്റെ ദൈവം ദുആകൾ കേൾക്കുന്നവനാണെന്ന കാര്യം അംഗീകരിക്കുന്നവരാണ്.

ഗിനിബസാവോയിലെ മുഅല്ലിം അബ്ദുല്ലാഹ് സാഹിബ് പറയുന്നു: "ഞങ്ങൾ ഒരു ഗ്രാമമായ സീൻചാംഗ് കാംസയിൽ(Sinchang Kamsa) തബ്ലീഗിനുപോയി. ആളുകളെ ഒരുമിച്ചുകൂട്ടി അവർക്ക് അഹ്മദിയ്യാ ജമാഅത്തിന്റെ സന്ദേശമെത്തിച്ചു. അവരെ തബ്ലീഗ് ചെയ്തുകൊണ്ടിരിക്കുമ്പോൾ പെരുമഴ തുടങ്ങി. മഴയുടെ ശബ്ദം കാരണത്താൽ ആളുകൾക്ക് എന്റെ ശബ്ദം

കേൾക്കാമായിരുന്നില്ല. ഇപ്പോൾ അവർ എഴുന്നേറ്റു പോകുമെന്നാണ് തോന്നിയിരുന്നത്." പറയുന്നു: "അപ്പോൾ ഞാൻ ദുആചെയ്തു, അല്ലാഹുവേ! മഴയും നിന്റേതാണ്. ഞാൻ കൊണ്ടുവന്നിട്ടുള്ള സന്ദേശവും നിന്റേതാണ്. പക്ഷേ, മഴയുടെ ശബ്ദം കാരണത്താൽ ആളുകൾ നി ന്റെ ഈ സന്ദേശം കേൾക്കുന്നില്ല; എഴുന്നേറ്റു പോകാൻ പോകുകയാണ്." പറയുന്നു: "ദുആ ചെയ്ത സമയമേ എടുത്തുള്ളു; അല്ലാഹു മഴ നിറുത്തി." പറയുന്നു: "അവിടെ ഉണ്ടായിരുന്ന ഏകദേശം 150 ആളുകൾക്ക് തബ്ലീഗു ചെയ്തു. അൽഹംദുലില്ലാഹ് തബ്ലീഗിനുശേഷം എല്ലാവരും ബയ്അത്തു ചെയ്യാനുള്ള ഭാഗ്യവും കരസ്ഥമാക്കി."

മഴ നിലയ്ക്കാൻ ദുആ ചെയ്തതിനുശേഷം അത് നിലച്ചപ്പോൾ, നമ്മുടെ മുഅല്ലിമിന്റെ ഈമാനെ ദൃഢപ്പെടുത്തിയതോടൊപ്പം ദുആകൾ കേൾക്കുന്ന ദൈവത്തെ അവരെ കാണിക്കുകയും ചെയ്തു. ദൈവത്തെ എങ്ങനെ കാണുമെന്ന് ജനങ്ങൾ ചോദിക്കുന്നു. ദൈവം ഇപ്രകാരം തന്റെ ശക്തിപ്രഭാവങ്ങൾ കാണിക്കുന്നതുകൊണ്ട് അവനെ കാണാൻ സാധിക്കുന്നു. മഴകാരണം എഴുന്നേറ്റു പോകാൻ തുടങ്ങിയിരുന്നവർ അല്ലാഹുവിന്റെ ആ വരപ്രസാദത്തെ കണ്ടുകൊണ്ട് ഇരുന്നുവെന്ന് മാത്രമല്ല, അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിനെ സ്വീകരിക്കുകയും ചെയ്തു.

ബാന്ദോനിദോയിലെ മുബല്ലിഗ് ഹാഫിള് മുസമ്മിൽ സാഹിബ് പറയുന്നു: ഞാൻ തദ്ദേശ മുല്ലിമിനോടും രണ്ടു ഖാദിമിനോടുമൊപ്പം ഒരു ഗ്രാമത്തിൽ പര്യടനത്തിനുപോയി. വഴിയിൽ ശക്തമായ മഴ തുടങ്ങി. മുന്നോട്ടു പോകുന്നത് ദുഷ്കരമെന്ന് കണ്ടു. കാരണം വഴി കുണ്ടും കുഴിയും നിറഞ്ഞതും വളരെ തെന്നുന്നതുമായിരുന്നു.' ഇദ്ദേഹം പറയുന്നു: 'ഞങ്ങൾ ഒരു സ്ഥലത്തുനിന്നു ദുആ ചെയ്തു. അല്ലാഹുവേ! നിന്റെ മസീഹിന്റെ സന്ദേശമെത്തിക്കാൻ പോകുകയാണ്. ആദ്യമെ തന്നെ ഞങ്ങൾ വരുന്ന വിവരം അവിടെ അറിയിച്ചിട്ടുള്ളതാണ്. ആളുകളെല്ലാം അവിടെ കൂടിയിരിക്കുന്നുണ്ട്. നീ അനുഗ്രഹം ചൊരിഞ്ഞാലും. വഴിയിലെ എല്ലാ തടസ്സങ്ങളും നീക്കിയാലും. പറയുന്നു: അല്ലാഹു പെട്ടെന്ന് ഞങ്ങളുടെ ദുആ സ്വീകരിച്ചു. ക്ഷണത്തിൽ മഴ നിലച്ചു. വൈകുന്നേരംവരെ മഴ പെയ്യുമെന്നാണ് ഞങ്ങൾ കരുതിയിരുന്നത്. അതുകൊണ്ട് വളരെ പ്രയാസത്തിലായിരുന്നു. പക്ഷേ, അല്ലാഹു അനുഗ്രഹം ചൊരിഞ്ഞു. പരിപാടിയനുസരിച്ച് കൃത്യ സമയത്തുതന്നെ ഗ്രാമത്തിലെത്തുകയും തബ്ലീഗ് തർബിയ്യത്ത് പ്രോഗ്രാം തുടങ്ങുകയും ചെയ്തു.

ദുആ മുഖേന മഴ നിലയ്ക്കുന്നതുമായി ബന്ധപ്പെട്ട് സ്വിറ്റ്സർലാന്റിലെ മുബല്ലിഗ് വഹ്ഹാബ് ത്വയ്യിബ് സാഹിബ് പറയുന്നു: ജമാഅത്ത് ദൗരവംശഹ എന്ന സ്ഥലത്ത് മസ്ജിദ് നിർമിക്കാൻ സ്ഥലം വാങ്ങി. അവിടെ സമാധാനത്തിന്റെ അടയാളമെന്ന നിലയിൽ ഒരു ചെടി നടാനുള്ള പരിപാടിവെച്ചു. അതിൽ മറ്റു അതിഥികളേയും ക്ഷണിച്ചു. ചെടി നടേണ്ട ദിവസം വാനനിരീക്ഷകരുടെ പ്രവചനപ്രകാരം ശക്തമായ മഴ പെയ്തു. പ്രോഗ്രാമെല്ലാം തുറന്ന സ്ഥലത്താണ് സംഘടിപ്പിച്ചിരുന്നത്. അതുകൊണ്ട് അവർക്ക് വിഷമങ്ങൾ ഏറെയായിരുന്നു. ഇതു അറിയിച്ചുകൊണ്ട് അവർ എനിക്കും ദുആയ്ക്കെഴുതി. അവരുടെ ധാരാളം കത്തുകൾ വന്നുകൊണ്ടിരുന്നു. പറയുന്നു: പരിപാടി ദിവസം അവിടെ ചെന്നപ്പോൾ ആദ്യം ശക്തമായ മഴ തുടങ്ങി. ബാഹ്യമായി നോക്കുമ്പോൾ മഴ നിലയ്ക്കുന്നതിന്റെ ഒരു ലക്ഷണവുമുണ്ടായിരുന്നില്ല. പക്ഷേ, പിന്നീട് ദുആകളുടെ അനുഗ്രഹംകൊണ്ട് അല്ലാഹു കൃപചൊരിഞ്ഞു. പ്രോഗ്രാം തുടങ്ങുന്നതിന് ഒരുമണിക്കൂർ ബാക്കിയുള്ളപ്പോൾ മഴ പൂർണമായും നിലച്ചു. വെയിലൊറിക്കുകയും ചെയ്തു. പറയുന്നു: 'പരിപാടിയുടെ നേരത്ത് തദ്ദേശ കൗൺസിലിന്റെ പ്രസിഡന്റും വന്നിരുന്നു. അദ്ദേഹം ഏറ്റവുമാദ്യം വലിയ അത്ഭുതത്തോടെ പറഞ്ഞു: 'നിങ്ങൾ നിങ്ങളുടെ പരിപാടിക്കായി കാലാവസ്ഥയ്ക്കും നിർദേശം കൊടുത്തിരിക്കുകയാണോ?' ഞങ്ങൾ ദുആയും ചെയ്യുന്നുവെന്ന് അദ്ദേഹത്തിനോടു പറയപ്പെട്ടു. ഞങ്ങൾ ഞങ്ങളുടെ ഖലീഫയ്ക്കും ദുആയ്ക്കെഴുതിയിരുന്നു. അല്ലാഹു അനുഗ്രഹിക്കുമെന്ന് ഞങ്ങൾക്ക് പൂർണ വിശ്വാസമുണ്ടായിരുന്നു. ഇപ്രകാരം ഈ പരിപാടി വിജയിച്ചു. ഇതിന്റെ വാർത്ത അവിടെത്തെ തദ്ദേശ പത്രങ്ങളും നല്കി. അതുമുഖേന ഒരുപാടു ആളുകൾ ജമാഅത്തിനെ പരിചയപ്പെടുകയും ചെയ്തു. നമ്മൾ കാലാവസ്ഥയ്ക്ക് നിർദേശം കൊടുക്കുന്നില്ല എന്നത് സംശയമില്ലാത്ത കാര്യമാണ്. നമ്മൾക്ക് അതുസാധ്യവുമല്ല. പക്ഷേ, ഏതൊരുവന്റെ കീഴിലാണോ കാലാവസ്ഥയുള്ളത് അവന്റെ മുന്നിൽ തീർച്ചയായും നമ്മൾ കുനിയുന്നു. പിന്നീട് അവൻതന്നെ തന്റെ ദിവ്യശക്തിയുടെ ദൃശ്യങ്ങൾ കാണിക്കുന്നു.

കാലാവസ്ഥകളിൽ നിന്ന് മാറിയുള്ള ദുആ സ്വീകാര്യതയുടെ ചില സംഭവങ്ങളുണ്ട്. അവ സമർപ്പിക്കുകയാണ്. നമ്മുടെ ദൈവം കാലാവസ്ഥകളുടേത് മാത്രമല്ല. മറിച്ച് സർവ്വശക്തനും എല്ലാത്തരം ദുആകളും കേൾക്കുന്നവനുമായ ദൈവമാണ്. അവന് എണ്ണമറ്റ സവിശേഷഗുണങ്ങളുണ്ട്. തന്റെ വിശേഷ ഗുണത്തിന്റെ ജ്യോതിസുകൾ അവൻ കാണിക്കുന്നു."

ബെനിനിലെ ജമാഅത്ത് മുഅല്ലിം മത്തീൻ സാഹിബ് പറയുന്നു: "കുറച്ചു ദിവസം മുമ്പേ പുതിയതായി ബയ്അത്തു ചെയ്ത ഒരു സുഹൃത്ത് ഞങ്ങളുടെ വീട്ടിൽവന്നു. തന്റെ ഭാര്യയുടെ അവസ്ഥ വളരെ മോശമാണെന്ന് പറഞ്ഞു." മുഅല്ലിം സാഹിബ് പറയുന്നു: "ഞാൻ എന്റെ ഭാര്യയേയും കൂട്ടി അവരുടെ വീട്ടിൽപോയി. കാരണം അദ്ദേഹത്തിന്റെ ഭാര്യയ്ക്ക് പ്രസവവേദനയായിരുന്നു. അവർക്ക് കഠിനമായ പനിയുണ്ടായിരുന്നു. ശക്തമായ പനി കാരണത്താൽ ഗർഭപാത്രം ചുരുങ്ങിപ്പോയതുകൊണ്ട് പ്രസവം നടക്കുന്നുണ്ടായിരുന്നില്ല. കഴിഞ്ഞ രണ്ടുപ്രാവശ്യവും ഇതുപോലെതന്നെയായിരുന്നുവെന്ന് അദ്ദേഹം പറഞ്ഞു; കുട്ടിയോ മാതാവോ ആരിലെങ്കിലും ഒരാളെ രക്ഷപ്പെടുമായിരുന്നുള്ളു. അതുകൊണ്ട് രണ്ടു പ്രാവശ്യ വും അവർ മാതാവിനെ രക്ഷിക്കാനാണ് ശ്രമിച്ചത്. മക്കളെ ബലിയർപിക്കേണ്ടിവന്നു. ഇപ്പോൾ മൂന്നാം പ്രാവശ്യവും അതുതന്നെ ആവർത്തിക്കുന്നു." മുഅല്ലിം സാഹിബ് പറഞ്ഞു: "അത്തരം അവസ്ഥയിൽ അല്ലാഹുവിന്റെ പരിശുദ്ധ നാമങ്ങൾ മാധ്യമമാക്കി നബി(സ) തിരുമേനിയെ മാധ്യമമാക്കി ദുആ ചെയ്യാൻ തുടങ്ങി. ദുആ കഴിഞ്ഞ ഉടനെ സൂറ ഫാത്തിഹ ചൊല്ലി വെള്ളത്തിലൂതി അത് ആ സ്ത്രീയെ കുടിപ്പിച്ചു." പറയുന്നു: "ഇപ്രകാരം ഞാൻ മൂന്നു പ്രാവശ്യം ചെയ്തു. വെള്ളത്തിലൂതി സ്ത്രീയെ കുടിപ്പിക്കുന്നതിന് കൊടുത്തുവിട്ടു." മൂന്നാമത്തെ പ്രാവശ്യം ഭർത്താവ് സന്തോഷത്തോടെ വന്ന് അല്ലാഹു തന്റെ ഭാര്യയെ രക്ഷിച്ചുവെന്നും തനിക്കു മകനെ നല്കിയെന്നും പറഞ്ഞു. ആ പുതുവിശ്വാസിയുടെ ഈമാൻ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവന്റെ അസ്തിത്വത്തിലും, ദുആ സ്വീകാര്യതയിലും പതിന്മടങ്ങ് വർധിച്ചു. അപ്പോൾ മുതൽ ഇദ്ദേഹം തന്നെയും വളരെ ശ്രദ്ധയോടെയും വണക്കത്തോടെയും വിനയത്തോടെയും ദുആ ചെയ്തുവരുന്നു."

ഒരു രോഗിയെ പരാമർശിച്ച് കെനിയായിലെ അമീർ സാഹിബ് എഴുതുന്നു: അവിടത്തെ ഒരു ജമാഅത്തിലെ സ്വദ്റിന് തീരെ സുഖമില്ലാതെയായി. അദ്ദേഹത്തിന്റെ സുഖവിവരങ്ങൾ അന്വേഷിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഇപ്പോൾ എന്റെ അവസ്ഥ വളരെ മോശമാണെന്ന് രണ്ടു ആശുപത്രിയിൽനിന്നു പറഞ്ഞിരിക്കുന്നു. ഏതു സമയത്തും നിങ്ങൾ നല്ലതല്ലാത്ത വാർത്ത കേൾക്കാം.' അദ്ദേഹത്തിന്റെ ത്വക്കിന്റെ നിറവും മാറിപ്പോയിരുന്നു. ശരീരം തികച്ചും തണുത്തിരുന്നു. ജീവനില്ലാത്തതായി തോന്നിയിരുന്നു. 'താങ്കൾ നിരാശനാവേണ്ട' എന്നു പറഞ്ഞ് അദ്ദേഹത്തെ സമാധാനപ്പെടുത്തി. സ്വയം ദുആ ചെയ്യുക. മുഅല്ലിം സാഹിബ് എനിക്കും ഇവിടേക്ക് ദുആയ്ക്കായി കത്തെഴുതിയിരുന്നു. മുഅല്ലിം സാഹിബ് പറയുന്നു: 'ഒരാഴ്ചയ്ക്കുശേഷം ഞാൻ വീണ്ടും ആ ഗ്രാമത്തിൽ ജുമുഅ നമസ്കരിപ്പിക്കാൻ പോയി. അദ്ദേഹത്തിന്റെ അവസ്ഥ മെച്ചപ്പെട്ടിരിക്കുന്നതായി കണ്ടു. കുറച്ചു ദിവസങ്ങൾക്കുശേഷം 'അല്ലാഹു ഇൻശാ അല്ലാഹ് പൂർണമായ ശിഫ നല്കുമെന്ന്' അറിയിച്ചുകൊണ്ടുള്ള കത്തും ഇവിടെ നിന്നു പോയിരുന്നു. അതിനുശേഷം അല്ലാഹുവിന്റെ കൃപയാൽ അദ്ദേഹത്തിന്റെ ആരോഗ്യം നിരന്തരം മെച്ചപ്പെട്ടുകൊണ്ടിരുന്നു. കുറച്ചുകാലത്തിനുശേഷം അദ്ദേഹത്തിന്റെ രോഗം പൂർണമായും മാറി., തന്റെ ജോലികൾ ചെയ്തുകൊണ്ടിരിക്കുന്നു. അങ്ങനെ ദുആ മുഖേന അദ്ദേഹത്തിന് അല്ലാഹുവിന്റെ അനുഗ്രഹത്താൽ പുതിയ ജീവിതം കിട്ടി. അദ്ദേഹവും തന്റെ ഈമാൻ വർധിപ്പിച്ചു.

ഇന്ത്യയിലെ കർണാടകയിൽനിന്ന് അവിടത്തെ ജില്ലാ അമീർ എഴുതുന്നു: "അവിടെത്തെ ഒരു ജമാഅത്തിലെ സ്വദ്റിന് ബ്രൈൻട്യൂമറുണ്ടായി. ആശുപത്രിയിൽ പ്രവേശിപ്പിച്ചു. അദ്ദേഹത്തിന്റെ ചികിത്സ അസംഭാവ്യമാണെന്ന് ഡോക്ടർമാർ പറഞ്ഞു. ഓപ്പറേഷൻ ചെയ്യുമ്പോൾ ജീവൻ പോകാനും ഇടയുണ്ട്. അദ്ദേഹം ഇടനെ ദുആയ്ക്കു വേണ്ടി എനിക്കെഴുതി. അല്ലാഹു ശിഫാ നല്കുമാറാകട്ടെ എന്നുള്ള മറുപടിയും അദ്ദേഹത്തിനുപോയി." പറയുന്നു: "ഒരു മാസത്തിനുശേഷം ഡോക്ടർമാർ വീണ്ടും അദ്ദേഹത്തെ പരിശോധിച്ചു. അവർ അത്ഭുത

## ഇർശാദെ നബവി(സ):-

**"നമസ്കാരം അതിന്റെ നിശ്ചിതസമയത്ത് നിർവഹിക്കലാകുന്നു അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം."**
**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്‌വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

## ഇർശാദെ നബവി(സ):-

**"നിന്റെ ഏറ്റവും നല്ല സഹവാസത്തിന് കടമപ്പെട്ടത് നിന്റെ മാതാവാകുന്നു;**
**അതുകഴിഞ്ഞാൽ നിന്റെ പിതാവ്"**
**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

പ്പെട്ടുപോയി! കാരണം ട്യൂമറിന്റെ പേരോ അടയാളമോ ഉണ്ടായിരുന്നില്ല. ഇത് അല്ലാഹുവിന്റെ ഫള്‌ലൊന്നു മാത്രമായിരുന്നു. ദുആയുടെ ഫലമായി ഹുസയ്ന്‍ സാഹിബ് പൂര്‍ണമായും സുഖമായി.”

ഒരു രോഗിയെ കുറിച്ചുള്ള വിവരണമാണിത്. അദ്ദേഹത്തെകുറിച്ച് ഹാഫിള് ഇഹ്‌സാന്‍ സിക്കന്ദര്‍ മുബല്ലിഗ് ബല്‍ജിയം എഴുതുന്നു: ഒരു അഹ്മദീ സുഹൃത്ത് ദാവൂദ് സാഹിബിന് സുഖമില്ലാതായി. ആശുപത്രിയില്‍ പ്രവേശിപ്പിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കരളും വൃക്കകളും ശ്വാസകോശങ്ങളും പ്രവര്‍ത്തനരഹിതമായി. ആശുപത്രിയില്‍വച്ച് അദ്ദേഹത്തിന് ഹൃദയാഘാതവുമുണ്ടായി. വെന്റിലേറ്റര്‍(Ventilator) ഘടിപ്പിച്ചു. കുറച്ചു നേരത്തിനുശേഷം ഡോക്ടര്‍മാര്‍ മറുപടി നല്കിയതിന്റെ അടിസ്ഥാനത്തില്‍ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങള്‍ ജനാസ തുടങ്ങിയ ശേഷക്രിയകള്‍ക്ക് സഹായിക്കണമെന്ന് ജമാഅത്തിനോടു അപേക്ഷിക്കുകയും ചെയ്തു. ഹാഫിള് സാഹിബ് എനിക്കു ദുആയ്ക്കെഴുതുകയും സ്വയം ദുആ ചെയ്യുകയും ചെയ്തു. ജമാഅത്തിനോടും ദുആ ചെയ്യാന്‍ പറഞ്ഞു. അടുത്ത ദിവസം ജമാഅത്തുസംഘം അതില്‍ അന്‍സ്വാറുല്ലാ സ്വദ്‌റും സെക്രട്ടറി തബ്‌ലീഗും ഉണ്ടായിരുന്നു. അദ്ദേഹത്തെ സന്ദര്‍ശിക്കാന്‍പോയി. ഡോക്ടര്‍ പറഞ്ഞു: ഒരു ദിവ്യാത്ഭുതം നടന്നിരിക്കുന്നു. ആദ്യം ഞങ്ങള്‍ കൊടുത്ത മരുന്നുകളൊന്നും അദ്ദേഹത്തിന്റെ ശരീരം സ്വീകരിക്കുന്നുണ്ടായിരുന്നില്ല. അതേ മരുന്നുകള്‍ ഇപ്പോള്‍ ഫലിക്കാന്‍ തുടങ്ങിയിരിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താല്‍ അദ്ദേഹത്തിന്റെ ആരോഗ്യം മുമ്പത്തേതിനെക്കാള്‍ മെച്ചപ്പെട്ടിരിക്കുകയാണ്. ഈ ദിവ്യാത്ഭുതം ദുആ മുഖേനയാണ് ഉണ്ടായിട്ടുള്ളതെന്ന് ഞങ്ങള്‍ ഡോക്ടറോടു പറഞ്ഞു. അതിനുശേഷം അല്ലാഹു അദ്ദേഹത്തിന് പൂര്‍ണമായ ശിഫാ നല്കി.

ദുആ സ്വീകാര്യതയുടെ വിവിധതരങ്ങളായ ചില സംഭവങ്ങളുണ്ട്. അത് ആളുകളുടെ ജമാഅത്തിനോടും ഖിലാഫത്തിനോടുമുള്ള ബന്ധത്തിനും ജമാഅത്തിന്റെ സത്യതയ്ക്കും അല്ലാഹുവിലുള്ള വിശ്വാസം വര്‍ധിക്കുന്നതിനും നിമിത്തമായിത്തീരുന്നു.

സഊദിയാല്‍ താമസിക്കുന്നയാളാണ് മുസ്തഫാ സാഹിബ്. അദ്ദേഹം പറയുന്നു: എന്റെ സ്ഥലമാറ്റം ഇന്ന നഗരത്തില്‍ ഉണ്ടാകുന്നതിനും എനിക്ക് കുടുബത്തോടൊപ്പം കഴിയുന്നതിനും ദുആ ചെയ്യാന്‍ അപേക്ഷിച്ചുകൊണ്ട് ഞാന്‍ അങ്ങയ്ക്ക് കത്തെഴുതിയിരുന്നു. പറയുന്നു: ബാഹ്യമായി നോക്കുമ്പോള്‍ ഇത് അസംഭാവ്യമായിരുന്നു. പക്ഷേ, ഇപ്പോള്‍ ദുആ മുഖേന ഒരു ദിവ്യാത്ഭുതം തന്നെ വെളിപ്പെട്ടിരിക്കുകയാണ്. സ്ഥലം മാറ്റത്തിന്റെ ഒരു ഒഴുക്കുതന്നെ തുടങ്ങിയിരിക്കുന്നു. 23-ാം നമ്പറിലുണ്ടായിരുന്ന ഞാന്‍ ഒന്നാം നമ്പറിലെത്തിയിരിക്കുന്നു. അതായത് ഇനി എപ്പോള്‍ സ്ഥലമാറ്റമുണ്ടായാലും എനിക്ക് ആദ്യം അവസരം നല്കുന്നതാണ്. അങ്ങനെ എനിക്ക് കുടുംബത്തോടൊപ്പം കഴിയാവുന്നതാണ്. അദ്ദേഹം പറയുന്നു: എന്നെ സംബന്ധിച്ചിടത്തോളം ഇത് മുഅ്ജിസത്തിനെക്കാള്‍ ഒട്ടും കുറവല്ല. അവരവരുടെ അവസ്ഥ ഓരോരുത്തരും അറിയുന്നതാണ്. ചിലപ്പോള്‍ ചിലകാര്യങ്ങള്‍ വളരെ നിസാരമായി തോന്നും. പക്ഷേ, ആരിലൂടെയാണോ അത് കടന്നുപോകുന്നത് അയാളാണ് അറിയുന്നത് ഇത് എത്തരത്തിലുള്ള അസംഭാവ്യമാണെന്ന്. അല്ലാഹുവിന്റെ കൃപകൊണ്ടും ദുആകള്‍ കൊണ്ടും അത് പുലര്‍ന്നു.

ടന്‍സാനിയായിലെ മോറോഗോറോ റീജ്യണിലെ മുഅല്ലിം ലത്വീഫ് സാഹിബ് ഒരു സംഭവം എഴുതുന്നു: ‘നമ്മുടെ ജമാഅത്തിന്റെ ഒരു മസ്ജിദില്‍നിന്ന് ആരോ സോളാര്‍ സിസ്റ്റത്തിന്റെ ബാറ്ററി മോഷ്ടിച്ചു. അടുത്ത ദിവസം ജമാഅത്തംഗങ്ങള്‍ അറിഞ്ഞപ്പോള്‍, പോലീസില്‍ റിപ്പോര്‍ട്ടു ചെയ്യുന്നതിനെക്കാള്‍ നല്ലത് അല്ലാഹുവിനോടു ദുആ ചെയ്യുന്നതാണെന്ന് തീരുമാനിച്ചു. പോലീസില്‍നിന്ന് നടപടി ഒന്നുമുണ്ടാകാന്‍ പോകുന്നില്ല. പോലീസ് നോട്ടു ചെയ്യും, അതോടെ കാര്യം അവസാനിക്കുകയും ചെയ്യും. അതുകൊണ്ട് ദുആ ചെയ്യുന്നതാണ് നല്ലത്. അല്ലാഹുവിന്റെ മുമ്പില്‍ കുനിയുക. അവനോടു ചോദിക്കുക. ഈ ബാറ്ററി മോഷ്ടിച്ചത് ആരായാലും അല്ലാഹുതന്നെ അവനെ ശിക്ഷിക്കട്ടെ എന്ന് നമുക്കു ദുആ ചെയ്യാം. നമ്മുടെ ബാറ്ററി നമുക്കു തിരിച്ചേല്പിക്കട്ടെ. പറയുന്നു: ഈ അവസരത്തില്‍ മോഷണത്തിന്റെ വര്‍ത്തമാനംകേട്ട് ചില അനഹ്മദികളും വന്നുചേര്‍ന്നു. അല്ലാഹു മോഷ്ടാവിനെ പിടിക്കുകയും ശിക്ഷിക്കുകയും ചെയ്യുമാറാകട്ടെ എന്ന് അഹ്മദികള്‍ ദുആ ചെയ്തെന്ന വാര്‍ത്ത ഗ്രാമം മുഴുവന്‍ പരന്നു.

അഹ്മദികളുടെ ദുആ സ്വീകരിക്കപ്പെടുന്നതാണെന്നും ഇനി മോഷ്ടാവ് തീര്‍ച്ചയായും പിടിക്കപ്പെടുമെന്നും ഇനി അവന് മറ്റൊരു വഴിയുമില്ലെന്നും അനഹ്മദികള്‍ പറയാനും തുടങ്ങി. പറയുന്നു: ‘ഒരു ദിവസം കഴിഞ്ഞതേയുള്ളൂ, മോഷ്ടാവ് അതിരാവിലെ ആരുംകാണാതെ ബാറ്ററി കൊണ്ടുവന്ന് ജമാഅത്തു സ്വദ്‌റിന്റെ വീടിനു മുമ്പില്‍ വെച്ചു. അല്ലാഹു അഹ്മദികളുടെ ദുആ കേട്ടുവെന്ന് ആളുകള്‍ പറയാന്‍ തുടങ്ങി. അനഹ്മദി ജമാഅത്തിലെ ആളുകളുടെ ഈമാനും ദുആകളില്‍ കൂടുതല്‍ ശക്തമായി. ഇവര്‍ തീര്‍ച്ചയായും നല്ലവരും സത്യസന്ധരുമാണെന്ന് പറയാനും തുടങ്ങി.

എന്തായാലും ഇതില്‍നിന്ന് അവിടത്തെ കള്ളന്മാര്‍ക്കും അല്ലാഹുവിനെ പേടിയുണ്ടെന്ന് മനസ്സിലായി. അല്ലാഹുവിന്റെ പേരുകേട്ട് പേടിച്ചുപോയി. പക്ഷേ, പാക്കിസ്താനിലെ മുല്ലാക്കമാരുടെ മനസ് അല്ലാഹുവിന്റെ ഭയത്തില്‍നിന്ന് തികച്ചും കാലിയാണ്. അല്ലാഹുവിന്റെ പേരില്‍ അവന്റെ കല്പനകള്‍ ലംഘിക്കുന്നു. ഇവര്‍ തന്നെയാണ് ജനതയിലും വിള്ളലുണ്ടാക്കിയിട്ടുള്ളത്. അല്ലാഹു ജനതയുടെമേല്‍ കരുണ ചെയ്യുമാറാകട്ടെ. ആ അക്രമികളില്‍നിന്ന് ജനതയേയും പെട്ടെന്ന് വിടുവിപ്പിക്കുമാറാകട്ടെ.

ഒരു സംഭവം വിവരിച്ചുകൊണ്ട് ഗിനികൊണാക്രിയുടെ മുബല്ലിഗ് ഇന്‍ചാര്‍ജ് സാഹിബ് എഴുതുന്നു: “ആത്മാര്‍ഥനായ ഒരു പുതുവിശ്വാസി യുവാവ് സുലയ്മാന്‍ സാഹിബ് വഖ്ഫ് ചെയ്ത് ജമാഅത്തിന് സേവനം ചെയ്യാന്‍ ആഗ്രഹം പ്രകടിപ്പിച്ചു. ഞങ്ങള്‍ അദ്ദേഹത്തിനോടു സിയറലിയൂണ്‍ ജാമിഅ അഹ്മദിയ്യായില്‍ ചേരാന്‍ പറഞ്ഞു. അദ്ദേഹം സന്തോഷത്തോടെ അതു സ്വീകരിച്ചു. തയ്യാറെടുപ്പുകളും തുടങ്ങി.” പറയുന്നു: “ഞങ്ങള്‍ അദ്ദേഹത്തിന്റെ അനഹ്മദികളായ മാതാപിതാക്കളെ അവരുടെ സമ്മതം വാങ്ങാന്‍ വിളിപ്പിച്ചു. ബാഹ്യമായി അവര്‍ സന്തോഷിച്ചുവെങ്കിലും എല്ലാ വിവരങ്ങളുമായി രണ്ടു ദിവസം കഴിഞ്ഞ് വരാമെന്ന് പറഞ്ഞു പോയി. തിരിച്ചുപോയി അവര്‍ തങ്ങളുടെ മൗലവിയുമായി കൂടിയാലോചിച്ചു. അദ്ദേഹം അവരെ വഴിതെറ്റിച്ചു. അഹ്മദിയ്യാ ജമാഅത്ത് ഒരു അമുസ്‌ലിം ഭീകരവാദ ജമാഅത്താണെന്നും അവര്‍ ഈ കുട്ടിയെ വഴിതെറ്റിച്ച് ഭീകരവാദി ആക്കുന്നുവെന്നും പറഞ്ഞ് നമുക്കെതിരില്‍ പോലീസില്‍ പരാതി നല്കി.” പറയുന്നു: “ഇതിനെ തുടര്‍ന്ന് നമുക്ക് വലിയ ബുദ്ധിമുട്ടുണ്ടായി. ദുആയ്ക്കുവേണ്ടി എനിക്കും അവര്‍ എഴുതിയിരുന്നു. അല്ലാഹു അനുഗ്രഹിക്കട്ടെ എന്നും ശ്രമിച്ചുകൊണ്ടിരിക്കുക എന്നും ദുആയും ചെയ്യുക എന്നും ഞാനും അവര്‍ക്ക് മറുപടി നല്കി.” പറയുന്നു: “അന്വേഷണത്തിനു വന്നപ്പോള്‍ ജമാഅത്ത് നമ്മെ പരിചയപ്പെടുത്തിക്കൊണ്ടുള്ള നോട്ടീസുകളും മറ്റും അവര്‍ക്കു നല്കി. അല്ലാഹുവിന്റെ കൃപയാല്‍ പോലീസ് കമ്മീഷണര്‍ അവരുടെ കേസ് തള്ളിയെന്നുമാത്രമല്ല, അദ്ദേഹം പറഞ്ഞു: “അവര്‍ വിവരിച്ച ഇസ്‌ലാമാണ് കൂടുതല്‍ ശരിയെന്നും സമാധാനപരമെന്നും തോന്നുന്നു.” പോലീസ് കമ്മീഷണര്‍ പറഞ്ഞു: “കൂടുതല്‍ വിവരങ്ങള്‍ എനിക്കു നല്കുക. ഞാനും ഈ ജമാഅത്തില്‍ ചേരാനാഗ്രഹിക്കുന്നു.”

പിന്നീടൊരു സംഭവം മാലി റീജ്യണിലെ മുബല്ലിഗ് മുസ്തന്‍സ്വര്‍ സാഹിബ് എഴുതുന്നു: ഇപ്രാവശ്യം മാലീ ജല്‍സാ സാലാനയില്‍ ധാരാളം ആളുകള്‍ പങ്കെടുക്കണമെന്ന് വിളംബരം ചെയ്യപ്പെട്ടു. കാരണം ജല്‍സ നടക്കുന്നത് ഏകദേശം 400 കിലോമീറ്റര്‍ അകലെയാണ്. അവിടെയുള്ള ആളുകള്‍ ദരിദ്രരാണ്. ഇത്ര ദൂരംതാണ്ടി അവിടെയെത്തുന്നതിന് പത്തായിരം ഫ്രാങ്ക്സീഫെയെക്കാള്‍ കൂടുതല്‍ യാത്രാചെലവു വരും. ദരിദ്രരായ ആളുകള്‍ക്ക് പ്രത്യേകിച്ചും കുടുംബത്തോടൊപ്പം ഇത്രതുക സംഘടിപ്പിക്കുക എന്നത് ദുഷ്കരമാണ്. നദിയില്‍നിന്ന് മീന്‍ പിടിക്കുകയും മാര്‍ക്കറ്റില്‍കൊണ്ടുപോയി വില്ക്കുകയും ചെയ്യുന്ന ആളാണ് യഹ്‌യാ സാഹിബ്. അദ്ദേഹം വര്‍ഷം മുഴുവന്‍ ശ്രമിച്ച് ഒരാളുടെ യാത്രാചെലവ് ഉണ്ടാക്കിയിരുന്നു. അദ്ദേഹം പറഞ്ഞു: കഴിഞ്ഞ വര്‍ഷം ഞാന്‍ ജല്‍സയില്‍ പങ്കെടുത്തതാണ്. ഈ വര്‍ഷം ഒരാള്‍ക്കുള്ള പണമേയുള്ളൂ. അതുകൊണ്ട് ഞാനെന്റെ ഭാര്യയെ ജല്‍സയ്ക്കു വിടാന്‍ തീരുമാനിച്ചിരിക്കുന്നു. മുരബ്ബി സാഹിബ് അദ്ദേഹത്തോടു പറഞ്ഞു: താങ്കളുടെ നിയ്യത്ത് നല്ലതാണ്. പക്ഷേ, താങ്കള്‍ക്കും ജല്‍സയില്‍ പങ്കെടുക്കാന്‍ കഴിയുന്നതിന് ശ്രമിക്കുകയും അതിനുവേണ്ടി ദുആയും ചെയ്യുക. അല്ലാഹു നദിയില്‍നിന്ന് താങ്കളുടെ യാത്രാചെലവിനുള്ള വകയും ഉണ്ടാക്കിത്തരട്ടെ. അങ്ങനെ ജല്‍സയ്ക്കു ഖാഫില പുറപ്പെടേണ്ട തലേ ദിവസം രാത്രി 8 മണിക്ക് യഹ്‌യാ സാഹിബ് മിഷന്‍ ഹൗസില്‍വന്നു.

## ഇര്‍ശാദെ നബ്‌വി(സ):-

**“ഉപജീവനത്തില്‍ ഐശ്വര്യമുണ്ടാകാനും ദീര്‍ഘായുസ്സ് ലഭിക്കാനും വല്ലവനും ആഗ്രഹിക്കുന്നെങ്കില്‍ അവന്‍ തന്റെ കുടുംബബന്ധം പുലര്‍ത്തിക്കൊള്ളട്ടെ.’**

**(ബുഖാരി, മുസ്‌ലിം)**

## ത്വാലിബെ ദുആ:

**സുനില്‍ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

## ഇര്‍ശാദെ നബ്‌വി(സ):-

**“പ്രത്യുപകാരം ചെയ്യുന്നവന്‍ കുടുംബബന്ധം പുലര്‍ത്തുന്നവനല്ല. പക്ഷേ, കുടുംബബന്ധം മുറിക്കപ്പെടുമ്പോള്‍ അതിനെ നിലനിറുത്തുന്നവനാണ് കുടുംബബന്ധം ചേര്‍ക്കുന്നവന്‍.”**

**(ബുഖാരി)**

## ത്വാലിബെ ദുആ:

**അഹ്മദിയ്യാ ജമാഅത്തംഗങ്ങള്‍, പള്ളുരുത്തി (കേരള)**

അദ്ദേഹത്തിന്റെ കൈയ്യിൽ 12 കിലോ തൂക്കം വരുന്ന ഒരു വലിയ മത്സ്യവുമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: രാവിലെ ഞാൻ നദിയിൽ വലയിടാൻ പോയപ്പോൾ ഞാൻ ദുആചെയ്തു. നാളെ ഖാഫിലെ പുറപ്പെടേണ്ടതാണ്. എന്റെ കൈയിൽ വണ്ടിക്കൂലിയില്ല. അല്ലാഹുവേ എനിക്കു ജൽസയിൽ പങ്കെടുക്കാൻ നീ എന്നെ സഹായിച്ചാലും. എന്റെ നിയ്യത്ത് ശുദ്ധമാണ്. പറയുന്നു: അസ്റിന്റെ സമയത്ത് വലിയ എടുത്തപ്പോൾ ഈ മീൻ അതിൽ കുടുങ്ങിയിരുന്നു. കരയിലെത്തിയപ്പോൾ ഒരാൾ 18000 ഫ്രാങ്ക്സീഫെയ്ക്ക് ഇത് വാങ്ങി. നിങ്ങളെ ഈ മത്സ്യം കാണിക്കാൻ ഞാൻ അയാളിൽനിന്ന് അനുവാദംവാങ്ങി ഇവിടെ കൊണ്ടുവന്നതാണ്. ഈ മത്സ്യത്തെക്കൊണ്ട് എന്റെ യാത്രാ ചെലവു പൂർത്തിയായി. ഞങ്ങളിരുവർക്കും ഭാര്യയ്ക്കും ഭർത്താവിനും ജൽസയിൽ പങ്കെടുക്കാൻ കഴിയുന്നതാണ്. കൂടുതൽ പൈസയും കിട്ടി.

അല്ലാഹു എങ്ങനെയാണ് അഹ്മദികൾക്ക് ദുആ സ്വീകാര്യത മുഖേന ഈമാനിൽ കരുത്തും ഖിലാഫത്തിനോടു ദൃഢവിശ്വാസവും നല്കുന്നത്. ഇതു സംബന്ധമായി തന്റെ ഒരു സംഭവം എഴുതിക്കൊണ്ട് മാലിയിലെ ഇദ്‌രീസ് തറാവിഡെ സാഹിബ് പറയുന്നു: 2008ൽ അവിടന്ന് ഘാനയിൽ പര്യടനം നടത്തിയപ്പോൾ (2008–ൽ ഖിലാഫത്ത് ജൂബിലിയുടെ ജൽസയിൽ പങ്കെടുത്തിരുന്നു). ഈ അഹ്മദി വ്യക്തിയും ജൽസയിൽ പങ്കെടുത്തിരുന്നു. പറയുന്നു: എനിക്ക് കോഴിക്കച്ചവടമായിരുന്നു. ഞാൻ കോഴികളെ വിട്ട് ഘാനയിൽ പോയി. അതിനുശേഷം എന്റെ കോഴികളെല്ലാം ചത്തു. ഇതിനുവേണ്ടി മുതലുമുടക്കിയിരുന്നയാൾ, ഞാൻ അഹ്മദിയാണെന്നും അഹ്മദികളുടെ സമ്മേളനത്തിൽ പങ്കെടുക്കാനാണ് പോയതെന്നും കോഴികൾ ചത്തുവെന്നും അറിഞ്ഞപ്പോൾ എതിർപ്പിൽ കൂടുതൽ അന്ധനായിത്തീർന്നു. ഞാൻ തിരിച്ചുവന്നതിനുശേഷം, ഒരാഴ്ചയ്ക്കുള്ളിൽ തന്റെ ഒന്നരലക്ഷം ഫ്രാങ്ക് സീഫെ മടക്കിത്തരണമെന്ന് പറഞ്ഞ് ആളെ അയച്ചു." പറയുന്നു: "ഞാൻ ആകപ്പാടെ ബുദ്ധിമുട്ടിലായി. എന്റെ കൈയിൽ പണമില്ല. ഈ എതിരാളി എന്നെ നാണംകെടുത്തും." പറയുന്നു: "രാത്രി മുഴുവൻ ഞാൻ ദുആ ചെയ്തു; അല്ലാഹുവേ എനിക്കെന്തെങ്കിലും ഏർപാടാക്കിത്തന്നാലും. ഞാൻ ഖലീഫയോടുള്ള സ്നേഹത്തിൽ ജൽസയിൽ പങ്കെടുക്കാൻ പോയതാണ്." പറയുന്നു: "ഒരു ട്രക്കിൽനിന്ന് കുറച്ചു ധാന്യം താഴെ വീഴുന്നതായും അതു ഞാൻ വാരിക്കൂട്ടുന്നതായും എനിക്കു സ്വപ്നത്തിൽ കാണിക്കപ്പെട്ടു. ഞാൻ രാവിലെ എഴുന്നേറ്റ് ആ സ്ഥലത്തു പോയെങ്കിലും അവിടെ ട്രക്ക് കണ്ടില്ല. പക്ഷേ, ധാന്യങ്ങൾ വീണുകിടക്കുന്നുണ്ടായിരുന്നു. അതു ഞാൻ വാരിക്കൂട്ടാൻ തുടങ്ങി. പെട്ടെന്ന് കറുത്ത നിറമുള്ള ഒരു പ്ലാസ്റ്റിക് സഞ്ചി കണ്ടു. അതു തുറന്നപ്പോൾ ഒരു ലക്ഷത്തി എമ്പതിനായിരം ഫ്രാങ്ക്സീഫെ ഉണ്ടായിരുന്നു. ഞാൻ ആ പ്രദേശത്തെ ആളുകളോടു തിരക്കിയപ്പോൾ ഇവിടെ രാത്രിയിൽ ഒരു ട്രക് നില്പുണ്ടായിരുന്നുവെന്നും ഇപ്പോൾ അത് സെനിഗാൾ ഭാഗത്തേക്ക് പോയെന്നും പറഞ്ഞു. എനിക്കു ഇവിടെനിന്ന് പണംകിട്ടിയെന്നും ആരുടെയെങ്കിലും പണമാണെങ്കിൽ തന്നിൽ നിന്ന് വാങ്ങിക്കൊള്ളുക എന്നും അവിടെ ഉണ്ടായിരുന്നവരോടു പറഞ്ഞു. പക്ഷേ, ആരും വാങ്ങാൻവന്നില്ല. എന്തായാലും കടക്കാരൻ വന്ന് അനാവശ്യം പറയാൻ തുടങ്ങി. ക്ഷമിക്കാൻ ഞാനയാളോടു പറഞ്ഞു. നിങ്ങളുടെ കടം ഞാൻ വീട്ടുന്നതാണ്. എന്റെ അല്ലാഹു അതിന് ഏർപാടാക്കിയിട്ടുണ്ട്. ഞാൻ അയാളുടെ തുക മടക്കി നല്കി." പറയുന്നു: "പല വർഷങ്ങളായിട്ടും ആ തുകയുടെ ഉടമസ്ഥൻ വന്നിട്ടില്ല."

ജർമനിയിൽനിന്ന് ജമാഅത്തിന്റെ മുബല്ലിഗ് ഹഫീളുല്ലാഹ് ഭർവാന സാഹിബ് പറയുന്നു: 'ലബനാനിയായ ഒരു പുതിയ അഹ്മദി ഇഹ്സാൻ സാഹിബുമായി ജർമനിയിൽ കൂടക്കാഴ്ച നടന്നു. കൂടക്കാഴ്ചയ്ക്കിടയിൽ അദ്ദേഹം തന്റെ അസൈലമിന്റെ കാര്യം ഉദ്ധരിച്ച് പ്രയാസങ്ങൾ പറയുകയും ദുആ ചെയ്യാൻ അപേക്ഷിക്കുകയും ചെയ്തു. കാരണം എതു സമയത്തും അദ്ദേഹത്തെ തിരിച്ചയക്കുമെന്ന് പോലീസ് അദ്ദേഹത്തോടു പറഞ്ഞിരുന്നു. പറയുന്നു: പക്ഷേ, ആ മനുഷ്യന്റെ ഈമാനിൽ വളരെ അഭിവൃദ്ധി ഉണ്ടായി. അല്ലാഹു വലിയ ദിവ്യാത്ഭുതം കാണിച്ചു. രാഷ്ട്രീയമായ അഭയം കിട്ടുകയില്ലെന്ന് പോലീസുകാർക്ക് അറിയുമായിരുന്നിട്ടും മൂന്നു വർഷത്തേക്ക് അദ്ദേഹത്തിന് രാഷ്ട്രീയാഭയം കിട്ടി. ഇപ്പോൾ അദ്ദേഹം സന്തോഷവാനാണ്. ദുആ കാരണത്താൽ അല്ലാഹു ഈ ദിവ്യാത്ഭുതം കാണിച്ചുവെന്ന് അദ്ദേഹം എല്ലാവരോടും പറയുന്നു.

അല്ലാഹു അമുസ്‌ലീംകൾക്കും അഹ്മദികളുടെ ദുആ സ്വീകാര്യതയുടെ ദൃശ്യങ്ങൾ കാണിക്കാറുണ്ട്. അത് ഇസ്‌ലാമിന്റെ ദൈവം ദുആകൾ സ്വീരിക്കുന്ന ദൈവമാണെന്ന് അവരെക്കൊണ്ട് സമ്മതിപ്പിക്കുന്നു. മിർസാ ഫള്ൽ സാഹിബ് കനഡയിൽനിന്ന് എഴുതുന്നു: ഞങ്ങൾ വെങ്കൂറിനു പടിഞ്ഞാറുള്ള നഗരത്തിൽ ഒരു ഇന്റർഫെയ്ത് സമ്മേളനത്തിൽ പങ്കെടുക്കാൻ പോയി. തങ്ങൾ ഇവിടെ ഇന്റർഫെയ്ത് ചെയ്യാൻ ഉദ്ദേശിക്കുന്നുവെന്നും നിങ്ങളുമായി കാണാൻ ആഗ്രഹിക്കുന്നുവെന്നും പറഞ്ഞ് ഫോൺബുക്ക് നോക്കി ഒരു സിക്കുകാരൻ ഫോൺ ചെയ്തിരുന്നു. അദ്ദേഹം ഞങ്ങളോടു വളരെ നല്ലനിലയിൽ പെരുമാറുകയും തന്റെ വീട്ടിൽ സ്വാഗതം ചെയ്യുകയും ചെയ്തു. ഭക്ഷണം നല്കി. തന്റെ വീട്ടിൽത്തന്നെ ഞങ്ങൾക്ക് ളുഹ്റും അസ്റും നമസ്കരിക്കാനുള്ള സൗകര്യവും ഒരുക്കിത്തന്നു. സമ്മേളനത്തിൽ എല്ലാത്തരത്തിലുമുള്ള സഹായവും അദ്ദേഹം വാഗ്ദാനം ചെയ്തു. ഞങ്ങൾ പോകാനൊരുങ്ങിയപ്പോൾ അദ്ദേഹം അങ്ങേയറ്റം വിനയത്തോടെ പറഞ്ഞു, അദ്ദേഹത്തിന്റെ മകന് മൂന്നു പെൺകുട്ടികളാണ്. അവന് ആൺകുട്ടി ഉണ്ടാകുന്നതിനും ദുആ ചെയ്യുക. ശരിയെന്ന് പറഞ്ഞ് ഞങ്ങൾ കൈയുയർത്തി ദുആ ചെയ്തു. അദ്ദേഹത്തോടു പറഞ്ഞു, 'ഞങ്ങൾ ഞങ്ങളുടെ ഖലീഫയ്ക്ക് ദുആയ്ക്കുവേണ്ടി എഴുതുന്നതാണ്.' അല്ലാഹുവിന്റെ കൃപയാൽ ഒന്നൊന്നര വർഷത്തിനുശേഷം തനിക്ക് അല്ലാഹു പൗത്രനെ നല്കിയിരിക്കുന്നുവെന്ന വിവരം അറിയിച്ചുകൊണ്ട് വളരെ സന്തോഷത്തോടുകൂടിയുള്ള അദ്ദേഹത്തിന്റെ ഫോൺ വന്നു.

ദുആ സ്വീകാര്യതയുടെ ചില സംഭവങ്ങളാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പ്രകൃതി നിയമത്തിൽ ദുആ സ്വീകാര്യതയുടെ ഉദാഹരണങ്ങളുണ്ട്. അതേ നിയമമനുസരിച്ച് എല്ലാ കാലത്തും അല്ലാഹു ജീവനുള്ള മാതൃകകൾ അയക്കുന്നു.(മൽഫൂദാത്ത് വാല്യം 1 പേജ് 199, 1985 ലണ്ടൻ പതിപ്പ്).

ദുആ സ്വീകാര്യതയുടെ ജീവനുള്ള മാതൃകകളുടെ ഭാഗമാകണമെങ്കിൽ ചില നിർബന്ധ കാര്യങ്ങളും നിബന്ധനകളുമുണ്ട്. അത് പൂർത്തിയാക്കേണ്ടത് അനിവാര്യമാണ്. ദുആ സ്വീകരിക്കപ്പെട്ടില്ലെന്ന് ചിലയാളുകൾ പറയാറുണ്ട്. അവിടന്ന് പറയുന്നു, 'ചില നിർബന്ധ കാര്യങ്ങൾ പൂർത്തിയാക്കേണ്ടത് അനിവാര്യമാണ്. ദുആയുടെ നിർബന്ധമായി ചെയ്യേണ്ടുന്ന കാര്യങ്ങളിൽ ഒന്നാമത്തേത് സൽക്കർമങ്ങൾ ചെയ്യുകയും വിശ്വാസമുണ്ടാക്കുകയും ചെയ്യുക എന്നതാണ്. തന്റെ വിശ്വാസാദർശങ്ങളെ ശരിയാക്കാത്തവന്റെ, സൽകർമങ്ങളോടെ പ്രവർത്തിക്കാത്തവന്റ, അത് മെച്ചപ്പെടുത്താത്തവന്റെ ദുആ അല്ലാഹുവിനെ പരീക്ഷിക്കലാണ്.'(മൽഫൂദാത്ത് വാല്യം 1 പേജ് 200, 1985 ലണ്ടൻ പതിപ്പ്).

അതിനാൽ ഈമാനെ വിശ്വാസാദർശപരമായി ശക്തിപ്പെടുത്തേണ്ട ആവശ്യമുള്ളതിനോടൊപ്പം കർമപരമായ അവസ്ഥയും അല്ലാഹുവിന്റെ തൃപ്തിയും അവന്റെ കല്പനകളനുസരിച്ച് വാർത്തെടുക്കേണ്ട ആവശ്യമുണ്ട്. നമ്മൾ അല്ലാഹുവിന്റെ കല്പനകളനുസരിച്ച് അഞ്ചുനേര നമസ്കാരങ്ങളിൽ ശ്രദ്ധ കൊടുക്കാതെ, ജനങ്ങളുടെ അടിസ്ഥാനപരമായ കടമകൾ നിറവേറ്റാതെ, പ്രയാസങ്ങളിൽ അകപ്പെടുമ്പോൾ അല്ലാഹുവിനെ ഓർമവരികയും ജനങ്ങളോടുള്ള കടമ ഓർമവരികയും ചെയ്യുക എന്നത് നടക്കുകയില്ല. ആദ്യം നമ്മുടെ അവസ്ഥ നന്നാക്കേണ്ടിവരും. സൽക്കർമങ്ങൾ ഇല്ലാതെ വിശ്വാസപരമായ അവസ്ഥ നന്നാക്കുന്നതുകൊണ്ടുമാത്രം കാര്യം നടക്കുകയില്ല. സൽക്കർമം എന്നുപറയുന്നത് അല്ലാഹുവിനോടും അവന്റെ സൃഷ്ടികളോടുമുള്ള കടമകൾ നിറവേറ്റുക എന്നതാണ്. ഇത് ഉണ്ടാകുമ്പോൾ അല്ലാഹു ദുആകൾ കേൾക്കുന്നു. അല്ലാഹു നമുക്കെല്ലാവർക്കും അവന്റെ കല്പനകളനുസരിച്ച് നമ്മുടെ ജീവിതം വാർത്തെടുക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ആരാധനകളോടും ദുആകളോടുമുള്ള കടമ എപ്പോഴും നിറവേറ്റാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ.

നമസ്കാരത്തിനുശേഷം ഞാൻ രണ്ടു ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. ആദ്യത്തെ ജനാസ ചൗദരീ നിഅ്മത്തുല്ലാഹ് സാഹി സാഹിബിന്റേതാണ്. അദ്ദേഹം റിട്ടയേർഡായതിനുശേഷം എന്നല്ല അതിനുമുമ്പേതന്നെ ജീവിതം അല്ലാഹുവിന്റെ വഴിയിൽ വഖ്ഫ് ചെയ്തിരുന്നു. സ്വദ്ർ അഞ്ചുമൻ അഹ്മദിയ്യാ പാക്കിസ്താന്റെ നാളിം ജാഇദാദുമായിട്ടുണ്ട്. ജനുവരി 15ന് കനഡയിൽ അദ്ദേഹം വഫാത്തായി. ഇന്നാലില്ലാഹി വഇന്നാ ഇലയ്ഹി റാജിഊൻ. ഹദ്റത്ത് ചൗദരി സഫ്റുല്ലാഹ് ഖാൻ സാഹിബിന്റെ മാതാവ് ഹദ്റത്ത് ഹുസയ്ൻബീബി സാഹിബ മുഖേനയാണ് അദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത്. അവർ ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിൽ ഖാദിയാനിൽ പോയാണ് ബയ്അത്തു ചെയ്തത്. ഹുസയ്ൻ ബീബി സാഹിബയുടെ ഭർത്താവ് നുസ്റുല്ലാഹ് ഖാൻ സാഹിബിന്റെ ഇളയ സഹോദരൻ ഗുലാം അഹ്മദ് സാഹിബും ഖാദിയാനിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കൈയിൽ ബയ്അത്തു ചെയ്തിരുന്നു. ഇദ്ദേഹം ചൗദരി നിഅ്മത്തുല്ലാഹ് സാഹിബിന്റെ പിതാമഹനായിരുന്നു. ചൗദരി സാഹിബിന് ജമാഅത്തിനെ സേവിക്കാൻ തൗഫീഖ് കിട്ടി. ഹൈദരബാദ് ജില്ലയുടെ ജമാഅത്ത് അമീറും അൻസ്വാറുല്ലാഹ് ഹൈദരബാദ് ജില്ലാ നാളിമും ഹൈദരബാദ് ഖുദ്ദാമുൽ അഹ്മദിയ്യാ ഖാഇദും പാക്കിസ്താനിലെ സ്വദ്ർ അഞ്ചുമൻ അഹ്മദിയായുടെ നാളിം ജാഇദാദും ആയിരുന്നിട്ടുണ്ട്. കുട്ടിക്കാലം മുതലെ തഹജ്ജുദ് നമസ്കരിക്കുന്ന ശീലമുണ്ടായിരുന്നു. അവസാന ശ്വാസംവരെ അതിനുവേണ്ടി ശ്രമിച്ചുകൊണ്ടിരുന്നു. ജമാഅത്തായി പതിവായിട്ട് നമസ്കരിച്ചിരുന്നു. ദുആയിൽ അദ്ദേഹത്തിന് അസാധാരണ വിശ്വാസമായിരുന്നു. ഖിലാഫത്തിനോട് അങ്ങേയറ്റത്തെ വിശ്വാസമായിരുന്നു. ജൽസാ സാലാനയിൽ പങ്കെടുക്കുന്നതിന് ഏറെ പ്രാധാന്യം നല്കിയിരുന്നു. ഖിലാഫത്തിനുമുമ്പേ ഒരിക്കൽ ഖലീഫത്തുൽ മസീഹ് റാബിഅ് ഹൈദരബാദിൽ പര്യടനം

നടത്തുകയായിരുന്നു. വഴിയിലാണ് ചൗദ്ദരി സാഹിബിന്റെ വീടുണ്ടായിരുന്നത്. അവിടെ പോയി. അല്പസമയം അവിടെ താമസിച്ചു. ചൗദ്ദരി സാഹിബ് വീട്ടിലുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ ഭാര്യയോടു, 'ചൗദ്ദരി സാഹിബിനോടു ഇനി ദീനിന് സേവനം ചെയ്യാൻ പറയണമെന്ന്' പറഞ്ഞു. വാസ്തവത്തിൽ അദ്ദേഹം അപ്പോൾ ജമാഅത്തുപരമായ നിലയിൽ ഒരു ഭാരവാഹി എന്ന നിലയിൽ സേവനം ചെയ്തുവരികയായിരുന്നു. പക്ഷേ, ഔദ്യോഗികമായി ഒരു സന്ദേശം ചൗദ്ദരി സാഹിബിന് കിട്ടിയപ്പോൾ അതിനുശേഷം അദ്ദേഹം ജീവിതം വഖ്ഫ് ചെയ്തു. അതറിയിച്ചുകൊണ്ട് കത്തെഴുതി. എപ്പോഴും ഉദ്യോഗസ്ഥന്മാർ എത്തുന്നതിനുമുമ്പേ അദ്ദേഹം ഓഫീസിലെത്തുമായിരുന്നു.

ക്ഷമാശീലനും നന്ദിയുള്ളയാളുമായിരുന്നു. മറ്റുള്ളവരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധിക്കുന്നയാളും തന്റെ മനസ്സിനെ നിയന്ത്രിക്കുന്ന ആളുമായിരുന്നു. സാവധാനിയും മൃദുല സ്വഭാവിയുമായിരുന്നു. സാധാരണ രോഗമോ ബുദ്ധിമുട്ടോ ഉണ്ടായാൽ ആരോടും പറയുമായിരുന്നില്ല. ഉദ്യോഗകാലത്ത് നല്ല വരുമാനമുണ്ടായിരുന്നു. എങ്കിലും തനിക്കായി കൂടുതൽ ചെലവഴിച്ചിരുന്നില്ല. അല്ലെങ്കിൽ പണം പ്രകടിപ്പിച്ചിരുന്നില്ല. വളരെ വിശ്വസ്തതയോടെ അദ്ദേഹം ജോലി ചെയ്തു. ടെക്സ്റ്റൈൽ മില്ലുകളിൽ അദ്ദേഹം പണിയെടുത്തു. ഇക്കാരണത്താൽ അതിന്റെ മുതലാളിമാർക്കും ഇദ്ദേഹത്തെ വളരെ വിശ്വാസമായിരുന്നു. അദ്ദേഹത്തിന്റെ മകൻ ഫയ്സ്വലാബാദിൽ ടെക്സ്റ്റൈൽ വകുപ്പിൽ ജോലി തുടങ്ങിയപ്പോൾ ചൗദ്ദരിസാഹിബിന്റെ വിശ്വസ്തത കാരണത്താൽ ധാരാളം മില്ലുകളുടെ മുതലാളിമാർ 'താങ്കളോടൊപ്പം ഒരു ഗ്യാരണ്ടിയും ജാമ്യവും കൂടാതെ ജോലികൾ ചെയ്യുന്നതാണെന്നും കാരണം താങ്കൾ ചൗദ്ദരീ സാഹിബിന്റെ മകനാണെന്നും ഞങ്ങൾക്ക് ആ ജാമ്യം മതി'യെന്നും പറഞ്ഞു.

ടെക്സ്റ്റൈൽ ഇൻഡസ്ട്രിയിൽ അദ്ദേഹത്തിന് നല്ല പേരായിരുന്നു. ഖലീഫയ്ക്കു കത്തെഴുതാൻ മക്കളേയും എപ്പോഴും പ്രോത്സാഹിപ്പിച്ചുകൊണ്ടിരുന്നു. സന്തപ്ത കുടുംബത്തിൽ മൂന്നു പെൺമക്കളും രണ്ട് ആൺമക്കളുമുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസിയായിരുന്നു.

അദ്ദേഹത്തിന്റെ ഒരു ബന്ധു എഴുതുന്നു: ചൗദ്ദരി നിഅ്മത്തുല്ലാഹ് സാഹിബിന്റെ പിതാവ് ഇനായത്തുല്ലാഹ് സാഹിബ് ചൗദ്ദരി സഫ്റുല്ലാഹ് ഖാൻ സാഹിബിന്റെ പിതൃസഹോദര പുത്രനായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന് മനസ്സിലായി ചൗദ്ദരി നിഅ്മത്തുല്ലാഹ് സാഹിബിനോടു അദ്ദേഹത്തിന്റെ പിതാവിന് ദ്വേഷമാണെന്ന്. അപ്പോൾ ചൗദ്ദരി സഫ്റുല്ലാഹ് ഖാൻ സാഹിബ് അദ്ദേഹത്തിന്റെ പിതാവിന് കത്തെഴുതി: 'ഞാൻ പാക്കിസ്താനിൽ ആയിരുന്നപ്പോൾ എനിക്ക് മനസ്സിലായി താങ്കൾക്ക് അസീസ് നിഅ്മത്തുല്ലായോടു ഏതോ കാരണത്താൽ കുറച്ചു വെറുപ്പുണ്ടെന്ന്. എന്തായാലും ഞാൻ പറയുന്നത് നിങ്ങൾക്കറിയാം, 'അസീസ് നിഅ്മത്തുല്ലാഹ് ഇംഗ്ലണ്ടിൽ താമസിച്ചിരുന്ന കാലമെല്ലാം(ഇവിടെ അദ്ദേഹം പഠിക്കാൻ വന്നിരുന്നു, അപ്പോൾ ചൗദ്ദരി സഫ്റുല്ലാഹ് ഖാൻ സാഹിബും ഇവിടെ ഉണ്ടായിരുന്നു) ഞാൻ പോകുമ്പോഴൊക്കെ എന്നെ വന്നു കാണാറുണ്ടായിരുന്നു. നിഅ്മത്തുല്ലാഹ് രോഗിയായി സ്വിറ്റ്സർലാന്റിലായിരുന്നപ്പോൾ അവിടേയും കൂടിക്കാഴ്ച നടന്നിരുന്നു.' ചൗദ്ദരീ സഫ്റുല്ലാഹ് ഖാൻ സാഹിബ് എഴുതുന്നു: 'ഞാൻ അസീസിനെ എല്ലാ വിധത്തിലും അനുസരണശാലിയും അച്ചടക്കമുള്ളവനും മാന്യപ്രകൃതക്കാരനും സൽസ്വഭാവിയും ആത്മാർഥനും സഹായിയുമായിട്ടാണ് കണ്ടിട്ടുള്ളതെന്ന് എനിക്ക് ഉറപ്പോടെ പറയാൻ കഴിയും. അവന്റെ സൽസ്വഭാവത്തിലും അവന്റെ സ്വഭാവത്തിന്റെ മാന്യതയിലും താങ്കൾ അവന്റെ പിതാവെന്ന നിലയിൽ ഉചിതമായി നിലയിൽ അഭിമാനിക്കേണ്ടതാണ്.' വീണ്ടും എഴുതുന്നു: 'എത്രകാലം വിദേശത്തുനിന്നുവോ അത്രയും കാലം അങ്ങേയറ്റം സാത്വികനായിരുന്നു. എന്റെ മനസ്സ് അവനിൽ സന്തോഷംകൊണ്ടു. ഞാൻ തുടർച്ചയായി അവനുവേണ്ടി ദുആ ചെയ്തുകൊണ്ടിരിക്കുന്നു. ഇപ്പോഴും ഓരോ നമസ്കാരത്തിലും അവനുവേണ്ടി ദുആ ചെയ്യുന്നു.' അങ്ങേയറ്റം സത്യസന്ധതയോടെ പറയാൻ കഴിയും, 'ഈ കാലയളവിൽ ഇവിടെ വിദ്യ അഭ്യസിച്ചുകൊണ്ടിരുന്ന നമ്മുടെ മൂന്നു ബന്ധുക്കളിലും അസീസ് നിഅ്മത്തുല്ലാഹ് കൂടുതൽ നല്ലവനും ശ്രേഷ്ഠ സ്വഭാവിയുമാണ്.'

അദ്ദേഹത്തിന്റെ വകുപ്പായിരുന്ന നല്ലാമത്തെ ജാഇദാദിലെ ഉദ്യോഗസ്ഥൻ എഴുതുന്നു:'ഓഫീസറെ പോലുള്ള പെരുമാറ്റം ഒരിക്കലും ഉണ്ടായിരുന്നില്ല. എപ്പോഴും വാത്സല്യനിധിയായ പുണ്യാത്മാവിനെപോലെയാണ് അദ്ദേഹത്തെ കണ്ടിരുന്നത്. അങ്ങേയറ്റത്തെ വിനയവും വണക്കവുമായിരുന്നു. സുദരിദ്രമായ പ്രകൃതമായിരുന്നു. ഭൗതികമായ നിലയിൽ അങ്ങേയറ്റം ഉയർന്ന ഉദ്യോഗത്തിലായിരുന്നു ഉണ്ടായിരുന്നത്. എന്നിട്ടും തികഞ്ഞ വിനയമായിരുന്നു. ഓഫീസർമാരോടു ബഹുമാനത്തോടും മര്യാദപാലിച്ചുകൊണ്ടുമുള്ള ബന്ധമായിരുന്നു; ഓഫീസർമാർ തന്നെക്കാൾ പ്രായത്തിൽ ചെറുതാണെങ്കിലും ആദരിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു. അദ്ദേഹം ഇതും എഴുതിയിരിക്കുന്നു, 'അതു വളരെ ശരിയുമാണ്! വഖ്ഫ് സിന്ദഗിക്കു അനുവാദം കിട്ടിയതിനുശേഷം അദ്ദേഹം തന്നെ ത്യാഗം ചെയ്തുകഴിഞ്ഞിരുന്നു. ഈഗോയുടെ ഒരു വശവും അദ്ദേഹത്തിൽ കാണാനുണ്ടായിരുന്നില്ല.' പറയുന്നു:'ഞാൻ ഓഫീസിൽ എപ്പോൾ അദ്ദേഹത്തിന്റെ അടുക്കൽ പോയാലും അദ്ദേഹം ദൈവസ്മരണയിൽ വ്യാപൃതനായിരിക്കും.' പറയുന്നു: 'ജമാഅത്തിന്റെ വ്യവസ്ഥിതിയുടെ കാര്യം വരുന്നിടത്ത് എല്ലാ ബന്ധങ്ങളും കുടുംബബന്ധങ്ങളും ഒരു ഭാഗത്ത് മാറ്റിവെക്കുമായിരുന്നു. കുടുംബബന്ധങ്ങൾ നല്ലവണ്ണം നിറവേറ്റുന്ന ആളായിരുന്നു. റബ്വയിൽ ഏതോ അഹ്മദി ജമാഅത്തിന്റെ സ്ഥലം കൈയേറിയിരുന്നു. ചൗദ്ദരി സാഹിബുമായി തനിക്കു ബന്ധമുണ്ടെന്നും അതുകൊണ്ട് തന്നെ ഒന്നും പറയരുതെന്നും അയാൾ പറഞ്ഞു നടക്കാൻ തുടങ്ങി. ചൗദ്ദരി സാഹിബ് ഇതറിഞ്ഞപ്പോൾ കാർക്കശ്യത്തോടെ അയാളോടു പെരുമാറി. അത്തരം കാർക്കശ്യം അദ്ദേഹം മറ്റാരോടും കാണിച്ചിട്ടില്ല. വാസ്തവത്തിൽ അനുവദനീയമല്ലാത്തനിലയിൽ ഭൂമി കൈയേറിയിട്ടുള്ളവർ വേറെയുമുണ്ടായിരുന്നു.'

ഇദ്ദേഹം പറയുന്നു: 'ഒരിക്കൽ എന്നോടു ചൗദ്ദരി സാഹിബ് പറഞ്ഞു: ഞാനെന്റെ ജീവിതത്തിലൊരിക്കലും എന്റെ ഭാര്യയോടു വഴക്കിട്ടിട്ടില്ല.' ഖിലാഫത്തിനെ കുറിച്ച് പറയുമ്പോൾ കണ്ണുകൾ തിളങ്ങുമായിരുന്നു. ഒരിക്കൽ അദ്ദേഹത്തിന്റെ മകന് എവിടെയോ ബന്ധം ഉറച്ചു. ഹദ്റത്ത് ഖലീഫത്തുൽമസീഹ് റാബിഅ്ന് ഈ ബന്ധം ഇഷ്ടമല്ലെന്ന് അദ്ദേഹം എങ്ങനെയോ അറിഞ്ഞു. അദ്ദേഹം തന്റെ മകനെ വിളിച്ച് പറഞ്ഞു: 'ബന്ധം മുറിക്കാനും അവസാനിപ്പിക്കാനും ഞാൻ നിന്നോടു പറയുന്നില്ല. ബലാൽക്കാരം ചെയ്യാൻ കഴിയില്ല. പക്ഷേ, ഞാൻ തീർച്ചയായും പറയുന്നു, ഹദ്റത്ത് ഖലീഫത്തുൽമസീഹിന് ഇത് ഇഷ്ടമല്ലെന്ന് ഞാൻ അറിഞ്ഞ സ്ഥിതിക്ക് ഞാൻ ഈ വിവാഹത്തിൽ പങ്കെടുക്കുകയില്ല.' പിന്നീട് മകൻ സ്വയം ഈ ബന്ധം വേണ്ടെന്നുവച്ചു. അല്ലാഹു പരേതന്റെ ദർജകൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ നന്മകൾ തുടർന്നു കൊണ്ടുപോകാൻ തൗഫീഖ് നല്കുമാറാകട്ടെ.

രണ്ടാമത്തെ ജനാസ സഫ്റുല്ലാഹ്ഖാൻ ബട്ടർ സാഹിബിന്റേതാണ്. ശേയ്ഖ്പൂരാ വാസിയാണ്. ജനുവരി 9–ന് വഫാത്തായി. ഇന്നാലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ജന്മനാ അഹ്മദിയായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് ചൗദ്ദരി അല്ലാഹ് ദത്താ സാഹിബ് 1928–ൽ അഹ്മദിയ്യത്ത് സ്വീകരിച്ചു. ശേയ്ഖ്പൂർ ജില്ലയിലെ കർത്തൂ ഗ്രാമത്തിൽ സ്വദ്ർ എന്ന നിലയിൽ ജമാഅത്തിന് സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. തഹജ്ജുദ് നമസ്കാരം കൃത്യമായി അനുഷ്ഠിക്കുന്നയാളായിരുന്നു. അഞ്ചുനേര നമസ്കാരം കൃത്യമായി അനുഷ്ഠിക്കുകയും ജുമുഅ ഖുത്ബകൾ പതിവായി കേൾക്കുകയും മുടങ്ങാതെ ചന്ദ നല്കുകയും ചെയ്തിരുന്നു. ലളിത പ്രകൃതമായിരുന്നു. പക്ഷേ, കുട്ടികളുടെ തർബിയ്യത്തു കാര്യത്തിൽ എല്ലാ സൂക്ഷ്മമായ വശങ്ങളും ശ്രദ്ധിക്കുമായിരുന്നു. സന്തപ്ത കുടുംബാംഗങ്ങളിൽ മൂന്നു പെൺമക്കളും മൂന്നു ആൺമക്കളുമുണ്ട്. അദ്ദേഹത്തിന്റെ ഒരു മകൻ സാജിദ് മഹ്മൂദ് ബട്ട് സാഹിബ് ജമാഅത്തിന്റെ മുറബ്ബിയാണ്. ഇപ്പോൾ ഘാനയിലെ ഇന്റർ നാഷണൽ ജാമിഅയിൽ ഉസ്താദായി സേവനമനുഷ്ഠിക്കുന്നു. ജമാഅത്തുപരമായ ചുമതല കാരണത്താൽ തന്റെ പിതാവ് മരിച്ചപ്പോൾ അദ്ദേഹത്തിന് പാക്കിസ്താനിൽ പോകാൻ കഴിഞ്ഞില്ല. അല്ലാഹു അദ്ദേഹത്തിന് ക്ഷമയും സഹനവും പ്രദാനം ചെയ്യുമാറാകട്ടെ. ഇദ്ദേഹം പറയുന്നു: കുട്ടിക്കാലത്ത് മാതാപിതാക്കൾ ഞങ്ങളുടെ ശിക്ഷണകാര്യത്തിൽ സദാ ശ്രദ്ധിച്ചു. എപ്പോഴും എന്നെ തന്നോടൊപ്പം മസ്ജിദിൽ കൊണ്ടു പോകുമായിരുന്നു. ഏതെങ്കിലും അതിഥി വന്നാൽ, 'ഞാൻ എന്റെ ഈ മകനെ വഖ്ഫു ചെയ്തിരിക്കുന്നുവെന്നും ഇവനെ ജാമിഅയിൽ അയപ്പിക്കണമെന്നും' പറഞ്ഞ് സന്തോഷത്തോടെ എന്നെ പരിചയപ്പെടുത്തുമായിരുന്നു.' പറയുന്നു: 'അതിന്റെ ഫലമായി എപ്പോഴെങ്കിലും ഏതെങ്കിലും സ്ഥാപനത്തിൽപോയി പഠിക്കണമെന്നുള്ള ആഗ്രഹം എനിക്കുണ്ടായിട്ടില്ല; ജാമിഅയിൽ പോകണമെന്ന വിചാരമായിരുന്നു എപ്പോഴും!

അല്ലാഹു അദ്ദേഹത്തിന്റെ നന്മകൾ അദ്ദേഹത്തിന്റെ മക്കളിലും നിലനിറുത്തുമാറാകട്ടെ. ഏതൊരു വികാരത്തോടും ബോധത്തോടും കൂടിയാണോ അദ്ദേഹം തന്റെ മക്കളെ വഖ്ഫ് ചെയ്തത്, അല്ലാഹു അദ്ദേഹത്തിന്റെ മക്കൾക്കും വഖ്ഫി ന്റെ യഥാർഥ ആത്മാവോടുകൂടി തങ്ങളുടെ വഖ്ഫിനെ നിറവേറ്റാൻ തൗഫീഖ് നല്കുമാറാകട്ടെ. പരേതയുടെ ദർജകൾ ഉയർത്തുമാറാകട്ടെ. മഗ്ഫിറത്തോടും റഹ്മത്തോടും കൂടി പെരുമാറട്ടെ.


## നൂറുൽ ഇസ്ലാംവകുപ്പിന്റെ പ്രവർത്തന സമയം:

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

## ഹുദൂറിനെ ഞാൻ മഹാനായൊരു വ്യക്തിയായി മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മബുദ്ധി അപാരമാണ്

● അഹ്മദിയ്യാ ജമാഅത്ത് വിശുദ്ധ ഖുർആനിന്റെ അധ്യാപനങ്ങളിലേക്കാണ് ജനങ്ങളെ ക്ഷണിക്കുന്നത്. അതെന്നെ വല്ലാതെ ആകർഷിച്ചു. അഹ്മദിയ്യാ ജമാഅത്തിന്റെ ഖലീഫയുമായി നടത്തിയ അഭിമുഖത്തിലും ആഴത്തിലുള്ള സ്വാധീനമുണ്ട്. ലോകത്തിലെ ഏറ്റവും ദുഷ്കരമായ പ്രശ്നത്തിനുള്ള പരിഹാരം ഖലീഫ വളരെ എളുപ്പത്തിലും സാധാരണ വാക്കുകളിലുംവിശദീകരിക്കുന്നു. (സ്പാനിഷ് വനിത ജേർണലിസ്റ്റ് സ്വൂഫിയ സാഹിബ)

● ഇത്രയും കാലം അവഗണിച്ചുകൊണ്ടിരുന്ന ഇസ്ലാമിന്റെ ഒരു മുഖമാണ് ജൽസയിൽ കണ്ടത്. ഇസ്ലാമിന്റെ സന്ദേശം ശാന്തിയുടേയും സാഹോദര്യത്തിന്റേയും സ്നേഹത്തിന്റേതുമാണെന്ന് വ്യക്തമായി. മതപരമായ അഭിപ്രായവ്യത്യാസങ്ങൾ നിലനിൽക്കുമ്പോഴും അന്യരായവരോടും കാണിച്ച ആതിഥ്യ മര്യാദക്കും സ്നേഹത്തിനും ഞാൻ വളരെയധികം നന്ദി പറയുന്നു.(ഉറുഗ്വേ പാർലമെന്റ് മെമ്പർ ഡോക്ടർ ഗീരാഡ് വാമാറിലാ)

● അഹ്ദിയ്യാ ജമാഅത്തിന്റെ ചിന്താധാര വളരെ നൂതനമാണ്. അഹ്മദിയ്യാ ജമാഅത്ത് കാരണത്താൽ ഇസ്ലാമിന്റെ തനതായ മുഖം ജനങ്ങളുടെ മുമ്പിൽ വന്നുകൊണ്ടിരിക്കുന്നു. അത് ഉന്നതമായ ധാർമികമൂല്യങ്ങളും സാഹോദര്യവും എല്ലാത്തരം തീവ്രവാദങ്ങൾക്കുമെതിരെ ജിഹാദിനുള്ള ആഹ്വാനവും അടങ്ങുന്നതാണ്.(സ്പെയിനുമായി ബന്ധമുള്ള റിപ്പോർട്ടർ റഫായേൽ സാഹിബ്.)

● എന്റെ ഈ സന്ദർശനത്തിലെ ഏറ്റവും നല്ല നിമിഷങ്ങൾ അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായിട്ടുള്ള കൂടിക്കാഴ്ചയായിരുന്നു. ഖലീഫത്തുൽ മസീഹ് മഹാനായൊരു വഴികാട്ടിയും വളരെ വാത്സല്യമുള്ള മനുഷ്യനുമാണ്.(അയർലണ്ട് പാർലമെന്റ് മെമ്പർ ഈമൻ ഓക്യോ സാഹിബ്)

● ഏതു ചോദ്യവും കേൾക്കുന്നതിന് സന്നദ്ധരാകുക, ഒരു പ്രശ്നത്തിൽനിന്നും ഒളിച്ചോടാതിരിക്കുക എല്ലാ പ്രശ്നത്തിനും മറുപടി നൽകുക എന്ന അഹ്മദിയ്യാ ജമാഅത്തിന്റെ രീതി എനിക്ക് വളരെ നന്നായി തോന്നി.(അയർലണ്ട് സെനറ്റർ)

● എന്റെ ബന്ധുമിത്രാതികളിൽ നിന്ന് ലഭിക്കുന്നതിനേക്കാളേറെ സ്നേഹം എനിക്ക് അഹ്മദികളിൽ നിന്ന് ലഭിക്കുന്നു. ഹുദൂറിനെ മഹാനായൊരു വ്യക്തിയായി ഞാൻ മനസ്സിലാക്കുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മ ബുദ്ധി വളരെ വിശാലമാണ്. അദ്ദേഹത്തോടൊപ്പം ഏതാനും നിമിഷങ്ങൾ ചെവഴിച്ചതിനുശേഷം അഹ്മദികൾ തങ്ങളുടെ ഖലീഫയെ ഇത്രയധികം സ്നേഹിക്കുന്നതിന്റെ കാരണം എനിക്ക് മനസ്സിലാക്കാൻ കഴിയുന്നു. (ടൂറിനിലെ തിരുശീലയുടെ ഗവേഷകൻ ബേരി എം.ശാട്സ് സാഹിബ്.)

**ജൽസയിൽ പങ്കെടുത്ത ആദരണീയവ്യക്തിത്വങ്ങൾ പറഞ്ഞ വിശ്വാസം വർധിപ്പിക്കുന്ന സംഭവങ്ങൾ**

ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽനിന്ന് വന്ന പ്രതിനിധി സംഘങ്ങളുമായി ഖലീഫത്തുൽ മസീഹിന്റെ കൂടിക്കാഴ്ചകൾ, ആ ദിനങ്ങളിൽ ഖലീഫ തിരുമനസ്സിന്റെ അസാധാരണ തിരക്കുകളുടെ സംക്ഷിപ്ത വിവരണവും

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

*(തുടർച്ച)*

ഈ ജൽസയെ വിജയിപ്പിക്കുന്നതിന് നിങ്ങൾ നടത്തിയ കഠിനാധ്വാനങ്ങൾ വെളിപ്പെടുത്തുന്നത് നിങ്ങളുടെ മതത്തേയും ഹൃദയവിശാലതയേയുമാണ്.'ഹുദൂറുമായുള്ള കൂടിക്കാഴ്ചയ്ക്കുശേഷം അദ്ദേഹം പറഞ്ഞു:അഹ് മദിയ്യാ ജമാഅത്തിന്റെ ഇമാം മിർസാ മസ്റൂർ അഹ്മദുമായുള്ള കൂടിക്കാഴ്ചയും അഭിമാനാർഹമായിരുന്നു. അദ്ദേഹം ഒരു സവിശേഷ വ്യക്തിയാണ്. ലക്ഷക്കണക്കിന് ആളുകൾക്കുമേൽ അദ്ദേഹത്തിന് വശ്യശക്തിയുണ്ട്.

കൃത്യം 8.35വരെ ഈ കൂടിക്കാഴ്ചാ പരിപാടി നീണ്ടു നിന്നു. ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും അവർക്ക് കിട്ടി.

**ഹോളണ്ട് സംഘവുമായുള്ള കൂടിക്കാഴ്ച:**

അയർലണ്ടിലെ സംഘത്തിനുശേഷം ഹോളണ്ടിൽനിന്ന് വന്ന അതിഥികൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

ഹോളണ്ടിൽ നിന്ന് മൂന്നു അതിഥികൾ വന്നിരുന്നു. ആ അതിഥികളിൽ ഹോളണ്ടിലെ മുൻ പാർലമെന്റംഗം Mr. Harry van Bommelലും ഉണ്ടായിരുന്നു. 2015ൽ ഹുദൂർ ഹോളണ്ടിൽ പോകുകയും ഒക്ടോബർ 6 ന് നാഷണൽ പാർലമെന്റിൽ പ്രസംഗിക്കുകയും ചെയ്ത പരിപാടിയ്ക്ക് Mr. Harry van Bommelലാണ് ആതിഥേയത്വത്തിന്റെ ചുമതല വഹിച്ചിരുന്നത്. അപ്പോൾ അദ്ദേഹം ഫോറിൻ അഫ്യേഴ്സ് കമ്മിറ്റിയുടെ പ്രതിനിധി ചെയർമാൻ ആയിരുന്നു. ഹുദൂർ അതിഥികളെ പരിചയപ്പെട്ടതിനുശേഷം ജൽസാ വേളയിലെ മഴയും മോശമായ കാലാവസ്ഥയേയും സൂചിപ്പിച്ചുകൊണ്ട് പറഞ്ഞു:'അതിഥികൾക്ക് ഏറ്റവും കുറച്ചു ബുദ്ധിമുട്ടേ ഉണ്ടാകാൻ പാടുള്ളൂ എന്ന കാര്യം മുന്നിൽവച്ചുകൊണ്ട് ഞങ്ങൾ പൂർണമായും ശ്രമിച്ചു. ഇവിടത്തെ സംവിധാനങ്ങളെല്ലാം താൽക്കാലികമാണ്.താൽക്കാലിക സംവിധാനത്തിന്റെ കീഴിൽ ഒരു പട്ടണംതന്നെ പടുത്തുയർത്തുകയായിരുന്നു. ഇതുകേട്ട Harry van Bommel പറഞ്ഞു,'എല്ലാ സംവിധാനവും വളരെ നല്ലതായിരുന്നു. എല്ലാ വിധത്തിലും ഞങ്ങളെ നല്ലവണ്ണം പരിഗണിക്കുന്നുണ്ടായിരുന്നു.ഞങ്ങളെ നല്ലവണ്ണം ആദരിക്കുന്നുണ്ടായിരുന്നു.'

● രണ്ടു യുവാക്കളും സംഘത്തിലുണ്ടായിരുന്നു.അവരിരുവരും പറഞ്ഞു: 'ഞങ്ങൾക്ക് എല്ലാ കാര്യവും മനസ്സിലായി. ഞങ്ങൾ ബയ്അത്ത് ചെയ്യാൻ സന്നിഹിതരാണ്.' ഹുദൂർ പറഞ്ഞു:'ബയ്അത്ത് ഹൃദയത്തിന്റെ തീരുമാനമാണ്. ഹൃദയത്തിന് പൂർണമായും സംതൃപ്തിയുണ്ടെങ്കിൽ പിന്നെ ബയ്അത്ത് ചെയ്യുക.'

● ഹോളണ്ടിലെ മുൻ പാർലമെന്റംഗം Mr. Harry van Bommel പറഞ്ഞു:'ഞാൻ ജൽസയിൽ രണ്ടു ലോകം കണ്ടു. ഒരു ഭാഗത്ത് എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ്. എന്ന ആപ്ത വാക്യത്തിന്റെ ജീവൽ പ്രകടനമാണെങ്കിൽ മറുഭാഗത്ത് ജമാഅത്ത് സഹായങ്ങൾ എത്തിക്കുന്നതിലും മനുഷ്യാവകാശങ്ങൾക്കു വേണ്ടിയും മുഴുലോകത്തും കഠിനപ്രയത്നമാണ് ചെയ്തുകൊണ്ടിരിക്കുന്നത്. മുമ്പേ ഹോളണ്ട് പാർലമെന്ററി കമ്മിറ്റി ഹുദൂറിന് ആതിഥ്യമരുളുക ഉണ്ടായി. ഭാവിയിലും പാക്കിസ്താൻ, ആഫ്രിക്ക, തുടങ്ങി മറ്റു ലോകരാഷ്ട്രങ്ങളിലും അഭിപ്രായ സ്വാതന്ത്ര്യത്തിനും സൃഷ്ടികളുടെ അവകാശങ്ങൾക്കുവേണ്ടിയും ജനാധിപത്യത്തിനു വേണ്ടിയും ഞങ്ങൾ അഹ്മദിയ്യാ ജമാഅത്തിനോടൊപ്പം ചേർന്ന് പ്രവർത്തിക്കുന്നതാണ്.'

ജൽസാ സ്ഥലമായ ഹദീഖത്തുൽ മഹ്ദിയിലേക്ക് അദ്ദേഹം പ്രവേശിക്കുമ്പോൾ അതിശക്തമായ മഴയായിരുന്നു. ആ അവസരത്തിൽ സന്നദ്ധസേവകരുടെ സേവനം കണ്ട് അദ്ദേഹം പറഞ്ഞു:'പതിനാറ് വയസ്സു മുതൽ ഞാൻ രാഷ്ട്രീയത്തിൽ പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാനത്ത് എത്തുന്നതുവരെ വിവിധ മീറ്റിംഗുകളും കോൺഫ്രൻസുകളും നടത്താറുമുണ്ടായിരുന്നു. പങ്കെടുക്കാറുമുണ്ടായിരുന്നു. എന്നാൽ, അഹ്മദിയ്യാ ജമാഅത്തിന്റെ ഈ അന്തരീക്ഷം കണ്ട് എനിക്കു ധാരാളം കാര്യങ്ങൾ പഠിക്കാനുള്ള അവസ്സരം കിട്ടി. ഞാൻ അഹ്മദിയ്യാ ജമാഅത്തിന്റെ സന്നദ്ധ സേവനത്തെ കുറിച്ച് വളരെ കേട്ടിട്ടുണ്ട്. എന്നാൽ, വ്യക്തിഗതമായി ഇപ്പോഴാണ് നേരിട്ട് കാണുന്നത്. വഴിയിൽ ചില വണ്ടികൾ ചെളിയിൽ കുടുങ്ങി കിടപ്പുണ്ടായിരുന്നു. യുവാക്കളായ സന്നദ്ധസേവകർ അതിനെ വലിച്ചു നീക്കി ചെളിയിൽ നിന്നും പുറത്തെടുക്കുന്നുണ്ടായിരുന്നു.

Mr. Harry തന്റെ വണ്ടി ചെളിയിൽ കുടുങ്ങിയപ്പോൾ പറഞ്ഞു: 'ചെളിയിൽ കുടുങ്ങി എന്നു കരുതി എനിക്ക് എന്റെ സൂട്ടും ബൂട്ടും വൃത്തികേടാക്കേണ്ടി വരില്ല. ഖുദ്ദാം നമ്മളേയും സഹായിക്കും; അങ്ങനെ തന്നെയാണ് സംഭവിച്ചതും! അഞ്ചാറു ഖുദ്ദാം ഞങ്ങളുടെ വണ്ടിയുടെ അടുക്കലേക്ക് പാഞ്ഞെത്തി. പത്തു മിനിറ്റ് ശ്രമത്തിനുശേഷം വണ്ടി പുറത്തെടുത്തു. അപ്പോൾ ഖുദ്ദാമിന്റെ മുഖത്തും ടയർ കറങ്ങിയതുകൊണ്ട് ചെളി തെറിച്ചിട്ടുണ്ടായിരുന്നു. ഇതു കണ്ട അദ്ദേഹം പറഞ്ഞു: 'നിങ്ങളുടെ ജമാഅത്ത് അതിഥി സേവയിൽ മാത്രമല്ല മുൻപന്തിയിൽ. പ്രത്യുത, തങ്ങളുടെ അതിഥിയെ എല്ലാ രീതിയിലും ശ്രദ്ധിക്കുന്നു. ഇക്കാര്യംലോകത്ത് മറ്റൊരു സമൂഹത്തിലും കാണാൻ സാധിക്കില്ല.'

ഹോളണ്ടിൽനിന്ന് വന്ന മറ്റൊരു അതിഥി

Mr.Arnaud Van Doom തന്റെ അനുഭവങ്ങൾ വിവരിച്ചുകൊണ്ടു പറഞ്ഞു: 'ജൽസ സാലാനയുടെ അന്തരീക്ഷം തികച്ചും സൗഹൃദപരമായിരുന്നു. ഈ മഹത്തായ സംരംഭത്തിൽനിന്ന് വളരെ കാര്യങ്ങൾ പഠിച്ചു. ഞാൻ അവിസ്മരണീയമായ കൂടിക്കാഴ്ചകൾ ഈ അവസരത്തിൽ നടത്തി. അന്തരീക്ഷത്തിൽ ഒരു നിർമാണാത്മക സന്ദേശത്തിന്റെ സുഗന്ധം ഉണ്ടായിരുന്നു. യുവാക്കളുടെ നിറഞ്ഞ സാന്നിധ്യവും നിസ്വാർഥസേവനവും എന്നെ വളരെ സ്വാധീനിച്ചു. സേവന നിരതരായ യുവാക്കളെ കാണുമ്പോൾ മനസ്സിൽ പ്രതീക്ഷ വളരുന്നു. എണ്ണമറ്റ മുസ്‌ലിം അമുസ്‌ലിം പരിപാടികളിൽ ഞാൻ പങ്കെടുത്തുണ്ട്. യുവാക്കളുടെ ഇവ്വിധത്തിലുള്ള നിറഞ്ഞ സാന്നിദ്ധ്യം എന്റെ പ്രഥമാനുഭവമാണ്.'

8.45 വരെ നീണ്ടുനിന്ന കൂടിക്കാഴ്ചയ്ക്കു ശേഷം ഹുദൂറുമൊത്ത് ഫോട്ടോ എടുക്കാനും അവർക്ക് ഭാഗ്യം കിട്ടി.

**സിയറ ലിയോൺ (Sierra Leone) സംഘത്തിന്റെ കൂടിക്കാഴ്ച:**

സിയറാ ലിയോണിൽനിന്ന് വന്ന ഒരു അതിഥി Haja Hawa Bangura സാഹിബ ഹുദൂറുമായി കൂടിക്കാഴ്ച നടത്താനുള്ള ഭാഗ്യം കരസ്ഥമാക്കി. അവർ അടുത്ത രാഷ്ട്രപതി സ്ഥാനാർഥിയാകാൻ പോകുകയാണ്. മുമ്പേ അവർ മന്ത്രിയായും അവിടെ സേവനം അനുഷ്ടിച്ചിട്ടുണ്ട്. യു.എൻ.ഓ.യിൽ സിയറാ ലിയോണിന്റെ പ്രതിനിധിയും ആയിട്ടുണ്ട്.

ജൽസാ വേളയിൽ എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായോ എന്ന് ഹുദൂർ അവരോട് ചോദിച്ചു. അവർ പറഞ്ഞു: 'എന്നെ എല്ലാ രീതിയിലും നല്ലവണ്ണം നോക്കി. വളരെ ആദരിച്ചു. ഞാൻ നിങ്ങൾക്കെല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയാണ്. ജൽസ സംവിധാനം വളരെ വ്യവസ്ഥാപിതമായിരുന്നു. എല്ലാ പ്രവൃത്തിയും ഉയർന്ന നിലയിൽ നിർവ്വഹിക്കപ്പെടുന്നുണ്ടായിരുന്നു. ചെറിയവരും വലിയവരും എല്ലാവരും സേവന നിരതരായിട്ടാണ് ഞാൻ കണ്ടത്. ഇത്തരം വ്യവസ്ഥിതി ലോകത്ത് മറ്റെവിടേയും ഞാൻ കണ്ടിട്ടില്ല.'

8.50 വരെ നീണ്ട ഈ അഭിമുഖത്തിനുശേഷം ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള സൗഭാഗ്യവും അവർക്കുകിട്ടി

**അതിഥികളോടൊപ്പം ഡിന്നർ:**

വക്കാലത്ത് തബ്ശീറിന്റെ കീഴിൽ റിസർവ് -1 വിഭാഗത്തിൽപ്പെട്ട വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന അതിഥികളുടെ ആദരവാർഥം ഡിന്നറിനുള്ളഏർപ്പാടും ചെയ്യപ്പെട്ടിരുന്നു.

ഈ പരിപാടിയിൽ വിവിധ രാഷ്ട്രങ്ങളിലെ മന്ത്രിമാർ, പാർലമെന്റംഗങ്ങൾ, അമ്പാസിഡർമാർ, പാരാമൗണ്ട് ചീഫുമാർ, ജഡ്ജുമാർ, സീനിയർ വക്കീലുമാർ, നാഷണൽ മീഡിയ, പ്രസ് പ്രതിനിധികൾ, പത്രാധിപന്മാർ, വിവിധ സൊസൈറ്റിയുടേയും സ്ഥാപനങ്ങളുടേയും തലവൻമാർ, വിവിധ മത വിഭാഗങ്ങളിൽ നിന്നുമുള്ള ഉന്നതർ, യൂണിവേഴ്സിറ്റി കോളേജ് പ്രിൻസിപ്പാൾമാർ, വൈസ് ചാൻസലന്മാർ, പ്രൊഫസർമാർ, ഖാദിയാൻ-റബ്വ പ്രതിനിധികൾ അറേബ്യാ, ഇന്തൊനേഷ്യ, റഷ്യ, ഇതര രാജ്യങ്ങളിൽ നിന്ന് വന്ന പ്രതിനിധികൾ, മുബല്ലിഗുമാർ, വാഖിഫേ സിന്ദഗിമാർ, ജൽസാ സംഘാടകർ, ജീവിതത്തിലെ വിവിധ തുറകളിൽ നിന്നുള്ള അതിഥികൾപെടുന്നു. ഹുദൂറിന്റെ സാന്നിധ്യംകൊണ്ട് അനുഗൃഹീതമായ ഈ പരിപാടിക്ക് 9.25-ന് ഹുദൂറിന്റെ ദുആയോടുകൂടി സമാപനം കുറിച്ചു. ശേഷം ജൽസാ ഗാഹിലെത്തി മഗ്‌രിബ് ഇശാ നമസ്കാരത്തിന് നേതൃത്വം നൽകിയ ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങിപ്പോയി.

**2017 ജൂലായ് 30(ഞായറാഴ്ച):**

ജൽസയുടെ മൂന്നാം ദിവസമായ ഇന്ന് സമാപന ദിവസമായിരുന്നു.രാവിലെത്തെ സെഷനു ശേഷം ഉച്ച കഴിഞ്ഞ് 1 മണിക്ക് ആഗോള ബയ്അത്തിന്റെ പ്രോഗ്രാം നടന്നു.

**ആഗോള ബയ്അത്ത്:**

വാഗ്ദത്ത മസീഹിന്റെ കോട്ടു ധരിച്ചു കൊണ്ട് ഹുദൂർ 1.10-ന് ജൽസാഗാഹിലെത്തി. ഹുദൂർ എത്തുമ്പോൾ സ്റ്റേജിന് മുമ്പിലുള്ള ഗ്രീൻ ഏരിയയിൽ വിവിധ രാജ്യങ്ങളിൽ നി ന്നുള്ള പുതിയ അഹ്മദികൾ ഒരേ ക്രമത്തിൽ വരിയായി ഇരിക്കുന്നുണ്ടായിരുന്നു. ബയ്അത്ത് വാങ്ങുന്നതിനു മുമ്പേ ഹുദൂർ ആഗോളാടിസ്ഥാനത്തിൽ നടന്ന ബയ്അത്തിന്റെ എണ്ണം അറിയിച്ചു. 124 രാജ്യങ്ങളിൽ നിന്നുള്ള 257 ജനവിഭാഗങ്ങളിൽപ്പെട്ട 6 ലക്ഷത്തിഒൻപതിനായിരത്തി അഞ്ഞൂറ്റി അമ്പത്തി ആറ് ആളുകൾക്ക് ബയ്അത്ത് ചെയ്യാൻ സൗഭാഗ്യം ലഭിച്ചു. ഹുദൂറിന്റെ അനുഗൃഹീത കരങ്ങളിൽ കൈവച്ചുകൊണ്ട് ബയ്അത്ത് പരിപാടിയിൽ പങ്കെടുക്കാൻ സാധിച്ച വ്യക്തികളുടെ പേര് ഇപ്രകാരമാണ്.

(1) ഫള്‌ലുർറഹ്മാൻ സാഹിബ്,നാളിർ ഉമൂറേ ആമ ഭാരത്. (ഭാരത പ്രതിനിധി)

(2) സാലിക് അഹ്മദ് സാഹിബ്, സ്വദ്ർ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ പാക്കിസ്താൻ

(3) അബ്ദുർറഹീം ജലാൽ സാഹിബ്, ആഫ്രിക്കൻ അമേരിക്കൻ (അമേരിക്കൻ ഭൂകഖണ്ഡത്തിന്റെ പ്രതിനിധി)

(4) മുഹമ്മദ് അലി കായിറേ സാഹിബ്, യുഗാണ്ട(Uganda)അമീർ (ആഫ്രിക്കൻ പ്രതിനിധി)

(5) ഇബ്റാഹീം ഇഖ്‌ലഫ് സാഹിബ്, സെക്രട്ടറി തബ്‌ലീഗ് യൂ.കെ. (യൂറോപ്പ് അറേബ്യൻ രാജ്യങ്ങളുടെ പ്രതിനിധി)

(6) (മൗരി അഹ്മദി)S Mathew Abu Bakr Howell.- (ആസ്ട്രേലിയൻ ഭൂഖണ്ഡത്തിലേയും ദ്വീപു സമൂഹ രാജ്യങ്ങളുടേയും പ്രതിനിധി)

ഹുദൂർ ബയ്അത്തിന്റെ വാക്കുകൾ ചൊല്ലിക്കൊടുക്കുമ്പോൾ എം.ടി.എ മുഖേന ആ ഗോളതലത്തിൽ അവരവരുടെ സ്ഥലങ്ങളിൽ ഒത്തുകൂടി ഹുദൂറിനെ പിൻപറ്റി അഹ്മദികൾ അതേറ്റു പറഞ്ഞു. ആദ്യം അറബി പദങ്ങൾ ചൊല്ലിയശേഷം ഇംഗ്ളീഷിൽ ബയ്അത്ത് പ്രതിജ്ഞ ചൊല്ലി. ഒപ്പം ഇതര ഭാഷകളിൽ പ്രതിജ്ഞ ആവർത്തിക്കപ്പെട്ടു. ശേഷം ഉർദു ഭാഷയിലും ബയ്അത്ത് പ്രതിജ്ഞ ആവർത്തിച്ചിരുന്നു.

ആഗോള ബയ്അത്തിനുശേഷം എല്ലാവരും ഹുദൂറിനോടൊപ്പം സജ്ദ ശുക്ർ ചെയ്തു. ളുഹ്ർ അസ്ർ നമസ്കാരങ്ങൾക്ക് നേതൃത്വം നൽകിയതിനുശേഷം ഹുദൂർ താമസ സ്ഥലത്തേക്ക് മടങ്ങി.

**ആഗോള ബയ്അത്ത്; അതിഥികളുടെ പ്രതികരണങ്ങൾ:**

മെക്സിക്കോയിൽ നിന്നുള്ള ഒരു പുതു അഹ്മദി വനിത Rosalina Lara Flota സാ ഹിബ പറയുന്നു: "ആഗോള ബയ്അത്ത് വേളയിൽ എനിക്ക് അത്യുന്നതനായ അല്ലാഹുവിനോട് രണ്ടാമതും ബയ്അത്ത് ചെയ്തുകൊണ്ട് വീണ്ടും പ്രവർത്തിക്കുമെന്ന് വാഗ്ദാനം ചെയ്യുന്നതുപോലെ തോന്നി. ബയ്അത്ത് മുഖേന എന്റെ വിശ്വാസത്തിന് ശക്തി പകർന്ന് കിട്ടി. ഞാൻ ജമാഅത്തിന്റെ ഭാഗമാണെന്നുള്ളതിൽ അഭിമാനം കൊള്ളുന്നു. മുഴുലോകത്തിന്റേയും ഉന്നമനത്തിനായുള്ള അധ്യാപനങ്ങളാണ് ഈ ജമാഅത്ത് സമർപ്പിക്കുന്നത്. വിവിധ വഴികളിലൂടെ മനുഷ്യരാശിയെ സഹായിച്ചു വരുന്നു. ഇസ്‌ലാം അഹ്മദിയ്യത്തിനെ കുറിച്ച് വളരെയധികം കാര്യങ്ങൾ ജൽസയിൽ നിന്ന് എനിക്ക് പഠിക്കാൻ സാധിച്ചു.'

● തുർക്കിമിനിസ്താനിൽ നിന്ന് വന്ന അബ്ദുർറശീദ് സാഹിബ് ജൽസയിൽ പങ്കെടുത്തു. അദ്ദേഹം ബയ്ത്തിനെ കുറിച്ച് പറഞ്ഞു:'ഞാൻ ബയ്അത്ത് ചെയ്തു കൊണ്ടിരിക്കുമ്പോൾ കണ്ണുകളിൽ നിന്ന് കണ്ണീർ തൂവിക്കൊണ്ടിരുന്നു. എന്റെ പിതാവ് മരിച്ച സമയത്തുപോലും ഇതു പോലെ ഞാൻ കരഞ്ഞിട്ടില്ല. ഒരു കാരണവുമില്ലാതെയാണ് ഈ കണ്ണീർ വന്നതെന്ന് അപ്പോഴെനിക്ക് തോന്നിയിരുന്നു. എന്നാൽ, ശേഷം എനിക്ക് മനസ്സിലായി, ഭൂമിയിൽ ഇപ്പോൾ ഒരു പ്രതീക്ഷ നാമ്പിട്ടിരിക്കുന്നു. പകരം വെക്കാൻ പറ്റാത്ത വിധത്തിലുള്ള ലക്ഷക്കണക്കിന് വ്യക്തികളുടെ ഒരു ജമാഅത്ത് ഉണ്ടായിരിക്കുന്നു. എല്ലാ ബുദ്ധിമുട്ടുകളും വിപത്തുകളും നീക്കുന്നതിനും പരിശുദ്ധി സ്ഥാപിക്കുന്നതിനും സർവ്വത്യാഗങ്ങൾക്കും തയ്യാറായിരിക്കുന്ന ജമാഅത്താണിത്.'

ക്രൊയേഷ്യൻ (Croatia) പാർലമെന്റിന്റെ അസംബ്ലി അംഗം Mr.Hajdukovic Domango ജൽസയിൽ പങ്കെടുത്തിരുന്നു. അദ്ദേഹം ആഗോള ബയ്അത്തിനെ കുറിച്ച് പറഞ്ഞു: ആഗോള ബയ്അത്ത് പരിപാടി എന്നെ അഗാധമായി സ്വാധീനിച്ചു. ഞാൻ ക്രിസ്തുമതത്തിന്റെ Faith Reconfirmation പ്രോഗ്രാമിൽ ധാരാളം പങ്കെടുത്തിട്ടുണ്ട്. എന്നാൽ, മതത്തോടുള്ള ആത്മാർഥതയും വികാരങ്ങളും കൂറും പുലർത്താനുള്ള ഉറച്ച തീരുമാനം അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോള ബയ്അത്തിലാണ് ദൃശ്യമായിട്ടുള്ളത്. വിസ്മയമുളവാക്കുന്ന അ

## ഇർശാദെ നബ്‌വി(സ):-

**"രക്തബന്ധം അർശിൽ ബന്ധിക്കപ്പെട്ടിരിക്കുന്നു. എന്നോടു ബന്ധം ചേർക്കുന്നവനെ അല്ലാഹു ബന്ധപ്പെടുത്തട്ടെ."**
**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## ഇർശാദെ നബ്‌വി(സ):-

**"ഒരു വ്യക്തി തന്റെ പിതാവിന്റെ സ്നേഹിതന്മാരോടു നല്ല നിലയിൽ വർത്തിക്കലാണ് നന്മയിൽ വെച്ചേറ്റവും വലുത്."**
**(മുസ്‌ലിം)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

പൂർവ്വ അനുഭവമായിരുന്നു അത്. ജീവിതത്തിലെന്നും ഞാനിത് ഓർക്കും.'

● അറബിയിലും പുരാതന ഈജിപ്ഷ്യൻ ഭാഷയിലും മികവു നേടിയ ഡാക്ടർ രിശ്വാൻ സാഹിബിനെ ബയ്അത്ത് വേളയിൽ ദർശിച്ച നീണ്ട നിരകൾ വളരെ അത്ഭുതപ്പെടുത്തി. അദ്ദേഹം പറയുന്നു: 'ഞങ്ങളുടെ രാജ്യമായ ഈജിപ്റ്റിൽ ഇത്തരത്തിലുള്ള അച്ചടക്കം അസാധ്യമാണ്.' വികാരാവേശത്താൽ ഒരു വരിയിൽ അദ്ദേഹവും പോയി നിന്നു. ഹുദൂറിനെ പിന്തുടർന്ന് ഇസ്തിഗ്ഫാറിന്റെ പദങ്ങൾ ഏറ്റു ചൊല്ലി. ജൽസാ അന്തരീക്ഷം അദ്ദേഹത്തിൽ അഗാധമായ സ്വാധീനം ചെലുത്തി.

● ഒരു പത്രപ്രവർത്തക ബയ്അത്തിന്റെ പദങ്ങൾ ഏറ്റു ചൊല്ലി. ശേഷം അന്വേഷിച്ചപ്പോൾ അവർ പറഞ്ഞു: 'എനിക്കറിയില്ല ആ സമയത്ത് എനിക്കെന്താണ് സംഭവിച്ചതെന്ന്. എന്നാൽ, ഇത്തരത്തിലുള്ള തോന്നലും വികാരവും എന്റെ ജീവിതത്തിൽ മുമ്പോയൊരിക്കലും ഉണ്ടായിട്ടില്ല. അനിയന്ത്രിതമായി ഞാനാ പദങ്ങൾ ഏറ്റുപറഞ്ഞുകൊണ്ടേ പോയി. ഇത്തരത്തിലുള്ള പരിപാടിയിൽ വൈകാരികമായി ഉത്തേജിപ്പിക്കുന്നതിന് മ്യൂസിക്ക് വേണ്ടത് അനിവാര്യമാണെന്ന് മുമ്പേ എനിക്ക് തോന്നിയിരുന്നു. എന്നാലിപ്പോൾ എനിക്ക് മനസ്സിലായി ആഗോള ബയ്അത്ത് വേളയിൽ ഈ വികാരങ്ങൾ അഹ്മദികളുടെ ഹൃദയത്തിൽ നിന്ന് നേരിട്ട് നിർഗ്ഗളിക്കുകയായിരുന്നുവെന്ന്. ഒരു തരത്തിലുമുള്ള മ്യൂസിക്കിന്റേയും ആവശ്യമില്ലെന്നും!

● ലണ്ടനിലെ മെന്റൽ ഹോസ്പിറ്റലിലെ Psychiatrist, Edward Goodalls ആഗോള ബയ്അത്ത് വല്ലാതെ ആകർഷിച്ചു. അദ്ദേ ഹം തന്റെ വികാരം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: "ഞാൻ ബയ്അത്തിന്റെ 10 നിബന്ധനകളും ഏറ്റുചൊല്ലി. ബയ്അത്ത് ചെയ്യേണ്ടത് എനി ക്ക് ഇനി അനിവാര്യമല്ലേ എന്ന് പിന്നീട് ചിന്തിച്ചു. ബയ്അത്ത് പരിപാടിയിൽ പങ്കെടുത്തപ്പോൾ ഞാൻ മറ്റുള്ളവരോടൊപ്പം ചേർന്നിരിക്കുന്നു എന്ന തോന്നൽ എനിക്കുണ്ടായി. എന്തായാലും ഹൃദയസ്പൃക്കായ അനുഭവമാണ് ഇത്.'

ജൽസ പരിപാടി അവസാനിച്ചതിനു ശേഷം ഇന്നും 8 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ഇതും ഹദീഖത്തുൽ മഹ്ദിയിലായിരുന്നു.

കൂടിക്കാഴ്ച ആരംഭിക്കുന്നതിന് മുമ്പേ വിവിധ വിഭാഗങ്ങളിൽ നിന്നുള്ളവർ ഹുദൂറുമായി ഫോട്ടോ എടുത്തു. ഹ്യൂമാനിറ്റി ഫസ്റ്റ്, പാക്കിസ്താൻ ഖുദ്ദാം,അൻസാർ സ്വദർമാർ, അഹ്മദിയ്യാ ആർക്കിടെക്ട് ആൻഡ് എൻജിനിയേഴ്സ് അസോസിയേഷൻ,അൽ ഇസ്ലാം വെബ് സൈറ്റ് ടീം, നോർവേ സ്കാനിംഗ് ടീം, എന്നീ വിഭാഗങ്ങൾക്കാണ് ഫോട്ടോ എടുക്കാൻ സാധിച്ചവർ. 7.50 –ന് കൂടിക്കാഴ്ചാ പരിപാടി ആരംഭിച്ചു.

**സ്വീഡൻ സംഘത്തിന്റെ അഭിമുഖം:**

ഏറ്റവും ആദ്യം സ്വീഡനിൽനിന്നു വന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കുള്ള ഭാഗ്യം കരസ്ഥമാക്കി. സ്വീഡനിൽനിന്നു വന്ന സംഘത്തിൽ അവിടെത്തെ സീനിയർ പോലീസ് ഓഫീസർ Ulf Bostrom സാഹിബ്, ഒരു സ്വീഡിഷ് പുതിയ അഹ്മദി sten Muhammad Yussif Widhe സാഹിബ്, Rida Hani സാഹിബ് എന്നിവരാണ് ഉണ്ടായിരുന്നത്. പുതിയ അഹ്മദിയോട് എവിടെയാണ് തങ്ങുന്നതെന്ന് ഹുദുർ അന്വേഷിച്ചു. ഹോട്ടലിലാണെന്ന് പറഞ്ഞപ്പോൾ ഹുദൂർ പറഞ്ഞു, 'ജൽസ ഗാഹിനുള്ളിൽ താമസ സൗകര്യം ചെയ്യുകയാണെങ്കിൽ അതിന് അതിന്റേതായ രുചിയുണ്ടാകും.'

തുടർന്ന് അദ്ദേഹം പറഞ്ഞു: 'ഹുദൂറിന്റെ പ്രഭാഷണങ്ങൾ മനസ്സിൽ ആഴത്തിൽ പതിഞ്ഞു. പ്രഭാഷണങ്ങൾ ഉന്നത നിലവാരം പുലർത്തുന്നതായിരുന്നു. എങ്ങനെ ലോകത്ത് സമാധാനം സ്ഥാപിക്കാമെന്നാണ് അതിലുള്ളത്. ഉത്തരവാദപ്പെട്ടവർ ഹുദൂറിന്റെ വാക്കുകൾ ശ്രവിച്ച് അതനുസരിച്ച് പ്രവർത്തിക്കാൻ തയ്യാറായാൽ ലോകത്ത് നിന്ന് കുഴപ്പങ്ങൾ നീങ്ങിപ്പോകുന്നതാണ്. Rida Hani സാഹിബ് തന്റെ കുടുംബത്തിന് കൊടുക്കാൻ എന്തെങ്കിലും തബർറുക് ചോദിച്ചു. ഹുദൂർ ചോക്ലേറ്റ് നൽകി. കൂടിക്കാഴ്ചയ്ക്കു ശേഷം പോലീസ് ഓഫീസർ Ulf Bostrom സാഹിബ് പറഞ്ഞു: 'ഹുദൂറിന്റെ മുമ്പിൽ സംസാരിക്കാൻ വളരെ ബുദ്ധിമുട്ടാണ്.' ജൽസ കഴിഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞു:'മുമ്പേയും ഞാൻ ജൽസയിൽ പങ്കെടുത്തിട്ടുണ്ട്. ജൽസയുടെ സകല പ്രവർത്തനങ്ങളും സുന്ദരമായി നടന്നു കൊണ്ടിരുന്നു. ചിലർക്ക് വളരെ ബുദ്ധിമുട്ടുള്ള പ്രവൃത്തികളാണ് ഏൽപ്പിക്കപ്പെട്ടിരുന്നത്. അഹ്മദികളുമായി കാണാൻ അവസരം കിട്ടിയ സ്ഥലങ്ങളിലെല്ലാം സൽസ്വഭാവത്തിന്റേയും മന്ദസ്മിതത്തിന്റേയും കാഴ്ചകളാണ് ദൃശ്യമായത്. എല്ലാ ഓരോരുത്തരും തങ്ങളിൽ അർപിതമായിരുന്ന ഡ്യൂട്ടി അർപണ ബോധത്തോടെ ചെയ്തുകൊണ്ടിരുന്നു. സമാധാന നിർഭരമായ അന്തരീക്ഷം ജൽസാ പ്രദേശത്താകമാനം ദൃശ്യമായിരുന്നു. എല്ലാവരോടും സ്നേഹം വെറുപ്പ് ആരോടുമില്ല എന്ന ജമാഅത്തിന്റെ ആപ്തവാക്യം എല്ലായിടത്തും പ്രകടമായിരുന്നു.

അഹ്മദിയ്യാ ഇമാം അറിവിനെ വളരെ വിലമതിക്കുന്നതായി എനിക്ക് കാണാൻ കഴിഞ്ഞു. ജമാഅത്ത് സഹോദരങ്ങളുടെ വൈജ്ഞാനിക ശ്രമങ്ങൾ വളരെയധികം ജൽസാ വേളയിൽ ആദരിക്കപ്പെട്ടു. അറിവ് വളരെ അനിവാര്യമായ കാര്യമാണ്. ഇതേ അറിവിന്റെ വെളിച്ചത്തിലാണ് അഹ്മദിയ്യാ ജമാഅത്ത് ലോകത്തിന്റെ അറ്റങ്ങളോളം സൃഷ്ടി സേവന രംഗത്ത് നിരതമായിട്ടുള്ളത്. സ്കൂൾ നിർമിച്ച് കൊണ്ട് ജമാഅത്ത് സഹായം എത്തിച്ച് കൊണ്ടിരിക്കുന്നു. സ്വന്തം കാലിൽ നിൽക്കാൻ ജനങ്ങളെ പഠിപ്പിക്കുന്നു. സേവനത്തിന് പകരമായി ജമാഅത്ത് ഒരിക്കലും ഒന്നും ആവശ്യപ്പെടുന്നില്ല. എന്റെ അഭിപ്രായത്തിൽ ഇതിനേക്കാളും ഉത്തമമായി മനുഷ്യ സമുദായത്തെ സേവിക്കുക സാധ്യമല്ല എന്നതാണ്. എനിക്ക് ജൽസയിലേക്ക് ക്ഷണനൽകിയതിനും എനിക്ക് ഇത്രയധികം സനേഹം തന്നതിനും ഹൃദയത്തിന്റെ ഭാഷയിൽ ഞാൻ ഹുദൂറിന് നന്ദി പറയുന്നു.'

8 മണിവരെ നീണ്ട ഈ കൂടിക്കാഴ്ചയ്ക്കു ശേഷം ഹുദൂറിനോടൊപ്പം ഫോട്ടോ എടുക്കാനുള്ള ഭാഗ്യവും അവർക്ക് കിട്ടി.

**റിവ്യൂ ഓഫ് റിലീജ്യൻസ് വിഭാഗവുമായി കൂടിക്കാഴ്ച:**

റിവ്യൂ ഓഫ് റിലീജ്യൻസ് വിഭാഗം ജൽസയിൽ ഒരു എക്സിബിഷൻ സംഘടിപ്പിച്ചിരുന്നു. ടൂറിൻ ഷ്രൗഡിന്റെ (ടൂറിനിലെ തിരുശ്ശീല) പ്രദർശനവും ഇതിലുണ്ടായിരുന്നു. ഇതിന്റെ ചില ഗവേഷകരും പ്രത്യേകമായി ഇതിൽ പങ്കെടുത്തിരുന്നു.

(1) Egyptology and Medeaval Arabic ലീഡിംഗ് എക്സ്പേർട്ടും ലണ്ടനിലെ ഡഇഘ യൂണിവേഴ്സിറ്റിയിൽ പ്രൊഫസറുമായ ഡാക്ടർ ഒക്കാഷാ അദ്ദാലി (2) ഡാക്ടർ ഹാനി രിശ്വാൻ, അദ്ദേഹത്തിന്റെ ബന്ധം ഈജിപ്റ്റുമായിട്ടാണ്. അറബി, പുരാതന ഈജിപ്ഷ്യൻ ഭാഷാ വിദഗ്ദൻ (3)പ്രസിദ്ധ ടൂറിൻ ഷ്രൗഡ് വിദഗ്ദൻ Olaf Jostein Andreassen നോർവേ (4)ടൂറിനിലെ പ്രസിദ്ധ സൈന്റിഫിക് കമ്മിറ്റിയുടെ തലവൻ, Mr.Burno Barberis.(5)പ്രസിദ്ധ ഫോട്ടോ ഗ്രാഫർ PeterSanders (6)ബ്രിട്ടീഷ് സൊസൈറ്റി ഓഫ് ഷ്രൗഡ് ന്യൂസ് ലെറ്ററിന്റെ തലവൻ,David Rolfe.- ഇദ്ദേഹം കഴിഞ്ഞ 40 വർഷമായി ടൂറിൻഷ്രൗഡിനെ കുറിച്ച് ഗവേഷണം നടത്തി വരുന്നു. ഇതുസംബന്ധമായുള്ള ഡോക്യുമെൻട്രിയും തയ്യാറാക്കിയിട്ടുണ്ട്. (7)ഷ്രൗഡ് ഗവേഷകൻ Berrie M Schwortz എന്നിവരെല്ലാം ടൂറിനിലെ തിരുശ്ശീലയെ സംബന്ധിച്ചുള്ള ഗവേഷണത്തിൽ പ്രശസ്തരാണ്. ഹുദൂർ ഇവരെ അഭിമുഖീകരിച്ചുകൊണ്ട് പറഞ്ഞു: 'എനിക്ക് ഈ വർഷം എക്സിബിഷൻ കാണാൻ സാധിച്ചില്ല. രണ്ട് പ്രാവശ്യം വരാൻ തീരുമാനിച്ചതായിരുന്നു. മഴയും തിരക്കുകളും കാരണം വരാൻ സാധിച്ചില്ല.'

● Berrie M Schwortz പറഞ്ഞു: 'എനിക്ക് നിങ്ങളുടെ ജൽസ വളരെ ഇഷ്ടപ്പെട്ടു. എന്റെ കുടുംബത്തിൽ നിന്ന് കിട്ടുന്നതിനേക്കാൾ കൂടുതൽ സ്നേഹം എനിക്കിവിടെ നിന്ന് കിട്ടുന്നുണ്ട്.' അപ്പോൾ ഹുദൂർ പറഞ്ഞു: 'ഒരിക്കൽ നമ്മുടെ സ്നേഹിതരാകുന്നവർ എന്നും നമ്മുടെ സ്നേഹിതരായി നില കൊള്ളുന്നതാണ്. ഞങ്ങൾ മിത്രങ്ങളോടുള്ള കടമ നിറവേറ്റുന്നു.' (തുടരും)

**പരിഭാഷ: അമീൻ മുഹമ്മദ് മാത്ര**




## ഇർശാദെ നബ്‌വി(സ):-

**"നീ അല്ലാഹുവിനെ മാത്രം ആരാധിക്കുക. അവനോടു മറ്റൊന്നിനേയും പങ്കുചേർക്കരുത്. നീ നമസ്കരിക്കുകയും സക്കാത്തു കൊടുക്കുകയും കുടുംബബന്ധം ചേർക്കുകയും ചെയ്യുക.'**

**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**

**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

## ഇർശാദെ നബ്‌വി(സ):-

**അല്ലാഹുവിനോടു പങ്കു ചേർക്കലും മാതാപിതാക്കളെ അനുസരിക്കാതിരിക്കലും കളവുപറയലും കള്ളസാക്ഷ്യം വഹിക്കലുമാണ് വൻപാപങ്ങൾ."**

**(ബുഖാരി, മുസ്‌ലിം)**

**ത്വാലിബെ ദുആ:**

**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

(പേജ് 2ൽനിന്ന്)

സേവകരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അനന്തരാവകാശി ആക്കുമാറാകട്ടെ. അവന്റെ കൃപകൊണ്ട് ഇവരുടെ സേവനങ്ങൾ സ്വീകരിക്കുമാറാകട്ടെ. ആമീൻ.

തർബിയ്യത്ത് വകുപ്പ്: ജൽസാ സാലാനയുടെ ദിനങ്ങളിൽ 2017 ഡിസംബർ 25 മുതൽ 2018 ജനുവരി 7 വരെ മസ്ജിദ് അഖ്സാ, മസ്ജിദ് മുബാറക്, മസ്ജിദ് അൻവാർ നിലകൊള്ളുന്ന മൊഹല്ല ദാറുൽ അൻവാർ എന്നിവിടങ്ങളിൽ ജമാഅത്തായുള്ള തഹജ്ജുദ് നമസ്കാരത്തിന് സംവിധാനം ചെയ്തിരുന്നു. ഇതുപോലെതന്നെ ഖാദിയാൻ മൊഹല്ലയിലെ മറ്റു 7 മസ്ജിദിലും ജൽസ സാലാനയുടെ മൂന്നു ദിവസങ്ങളിൽ ജമാഅത്തായുള്ള തഹജ്ജുദ് നമസ്കാരത്തിന് സൗകര്യം ഒരുക്കിയിരുന്നു. എല്ലാ മസ്ജിദുകളിലും സുബ്ഹി നമസ്കാരത്തിനുശേഷം പ്രത്യേകമായ ദർസുകളുമുണ്ടായിരുന്നു. തഹജ്ജുദ് നമസ്കാരത്തിന് ഉണർത്താനുള്ള സംവിധാനവും ഒരുക്കിയിരുന്നു. ലൗഡ്സ്പീക്കറിലൂടെ സ്വലാത്ത് ചൊല്ലിക്കൊണ്ട് സഹോദരങ്ങളെ ഉണർത്തിയിരുന്നു. ഈ വകുപ്പിനു കീഴിൽ ഖാദിയാനിലെ വിവിധ ഇടവഴികളിലും റോഡുകളിലും തഅ്ലീം തർബിയ്യത്തിന് ഉതകുന്ന തരത്തിലുള്ള മനോഹരമായ ബാനറുകൾ പതിച്ചിരുന്നു. ഇതിനു പുറമെ ഉർദുവിലും ഇംഗ്ലീഷിലും ജൽസാസാലനയുടെ പരിപാടികൾ അടങ്ങുന്ന ലഘുലേഖ പ്രസിദ്ധീകരിച്ചിരുന്നു. ഇതിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റേയും ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഖാമിസിന്റേയും ജൽസയെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിരുന്നു.

**ബയ്ത്തുദ്ദുആയിലെ നഫ്ലുകളും പരിശുദ്ധ സ്ഥലങ്ങളിലെ സിയാറത്തും:** എല്ലാ വർഷത്തേയുംപോലെ ഈ വർഷവും ഇന്ത്യയിൽനിന്നും വിദേശങ്ങളിൽനിന്നും വരുന്ന അതിഥികൾക്ക് ബയ്ത്തുദ്ദുആയിൽ നഫ്ലുകൾ അനുഷ്ഠിക്കാനുള്ള ഏർപാടുകൾ ചെയ്തിരുന്നു. അതിഥികൾ വളരെ താൽപര്യത്തോടും ആവേശത്തോടുംകൂടി ബയ്ത്തുദ്ദുആയിൽ നഫ്ലുകൾ അനുഷ്ഠിക്കുന്നതിനുവേണ്ടി ദീർഘനേരം ലൈനുകളിൽ തങ്ങളുടെ ഊഴം കാത്തിരുന്നു. ഈ വേളയിൽ ദിക്റുകൾ ചൊല്ലുന്നതിൽ മുഴുകി. അതിഥികളുടെ ആധിക്യം കാരണത്താൽ എല്ലാ അതിഥികൾക്കും ഒരു പ്രാവശ്യം മാത്രമേ ബയ്ത്തുദ്ദുആയിൽ പോകാൻ അവസരം കിട്ടിയിരുന്നുള്ളു. അവർ അതുതന്നെ മഹാഭാഗ്യമായി കരുതി.

ഇതുപോലെ മറ്റു പരിശുദ്ധ സ്ഥലങ്ങളിലും ഉദാഹരണത്തിന് മസ്ജിദ് മുബാറക്, മസ്ജിദ് അഖ്സാ, മിനാരത്തുൽ മസീഹ്, അദ്ദാർ (ദാറുൽ മസീഹ്), ബിഹിശ്തി മഖ്ബറ തുടങ്ങിയ സ്ഥലങ്ങളിലും അതിഥികളുടെ ആധിക്യമുണ്ടായിരുന്നു. അത്യുത്സാഹത്തോടെ അതിഥികൾ ഈ പരിശുദ്ധ സ്ഥലങ്ങൾ സിയാറത്ത് ചെയ്തു. പ്രത്യേകിച്ചും അദ്ദാറിലുള്ള സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് അമ്മാജാൻ(റ), ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) എന്നിവരുടെ തബർറുക്കാത്ത് തുടങ്ങിയവ അതിഥികൾ വലിയ വിശ്വാസഭക്തിയോടെ സിയാറത്തു ചെയ്തു. ബയ്ത്തുദ്ദുആയിൽ നഫ്ലുകൾ അനുഷ്ഠിക്കുന്നതിനും അദ്ദാറിലുള്ള തബർറുക്കാത്ത് സന്ദർശിക്കുന്നതിനും പുരുഷന്മാർക്കും സ്ത്രീകൾക്കും പ്രത്യേകം പ്രത്യേകം സമയമായിരുന്നു നിശ്ചയിച്ചിരുന്നത്.

**തർജമ വകുപ്പ്:** ഈ വർഷവും ജൽസാ സാലാനയുടെ അവസരത്തിൽ താഴെ പറയുന്ന 9 ഭാഷകളിൽ ജൽസയിലെ പ്രസംഗങ്ങളുടേയും മറ്റു നടപടികളുടേയും തത്സമയ പരിഭാഷ നടന്നിരുന്നു. അറബി, റഷ്യൻ, ഇന്തൊനേഷ്യൻ, ഇംഗ്ലീഷ്, മലയാളം, തമിൾ, തെലുങ്കു, ബംഗ്ലാ, കന്നഡ. അല്ലാഹുവിന്റെ അനുഗ്രഹത്താൽ എല്ലാ ഭാഷകളുടേയും തർജമക്കാർ വളരെ നല്ലനിലയിൽ തർജമ നിർവഹിച്ചു. ജൽസയുടെ എല്ലാ പരിപാടികളും പ്രത്യേകിച്ചും ഹുദൂർ അയ്യദഹുല്ലായുടെ സമാപനപ്രഭാഷണവും മുകളിൽ പറഞ്ഞ 9 ഭാഷകളിൽ തർജമ ചെയ്യപ്പെട്ടു. പുരുഷന്മാരും സ്ത്രീകളുമടങ്ങുന്ന വലിയൊരു വിഭാഗമാളുകൾ ഇതിൽനിന്ന് ഫലമെടുത്തു. സ്ത്രീകളുടെ പ്രത്യേക സെഷന്റേയും 5 ഭാഷകളിൽ (അറബി, ഇംഗ്ലീഷ്, ഇന്തൊനേഷ്യൻ, മലയാളം, ബംഗ്ലാ) തർജമ നടന്നു.

**പ്രസ്സ് ആന്റ് മീഡിയ:** ജൽസയുടെ മൂന്നു ദിവസവും പ്രസ്സ് ആന്റ് ഇലക്ട്രോണിക് മീഡിയായിൽ കവറേജ് ഉണ്ടായി. ബട്ടാല, അമൃതസർ, ഗുരുദാസ്പൂർ, ജലന്ധർ, ചണ്ഡീഗഢ് തുടങ്ങി ഇന്ത്യയിലെ പല സംസ്ഥാനങ്ങളിൽനിന്നും ഇലക്ട്രോണിക് ആന്റ് പ്രിന്റ് മീഡിയായുടെ പ്രതിനിധികൾ ജൽസയുടെ മൂന്നു ദിവസവും കവറേജ് ചെയ്യുന്നതിന് വന്നിരുന്നു. ജൽസയുടെ രണ്ടാം ദിവസം നടന്ന സർവമത സമ്മേളനത്തിന്റേയും സയ്യിദുനാ ഹുദൂറിന്റെ സമാപന പ്രഭാഷണത്തിന്റേയും കവറേജ് പ്രത്യേകമായ നിലയിലുണ്ടായി.

**നിക്കാഹ് വിളംബരം:** ജൽസയിൽ പങ്കെടുക്കാൻ വരുന്ന ധാരാളമാളുകളുടെ ആഗ്രഹമാണ് തങ്ങളുടെ മക്കളുടെ നിക്കാഹിന്റെ വിളംബരവും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പരിശുദ്ധമായ ജന്മനാട്ടിൽവച്ച് നടക്കണമെന്നത്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ വർഷം 2017 ഡിസംബർ 30ന് മസ്ജിദ് ദാറുൽ അൻവാറിൽ നാളിർ ഇസ്ലാഹ് വ ഇർശാദ് മർക്കസിയ്യ ഖാദിയാൻ മൗലാനാ മുസഫ്ഫർ അഹ്മദ് നാസിർ സാഹിബ് 19 നിക്കാഹ് വിളംബരം ചെയ്തു. ഈ അവസരത്തിൽ അദ്ദേഹം സുന്നത്താക്കപ്പെട്ട ഖുർആനിക വചനങ്ങൾ ഓതിയതിനുശേഷം ഹുദൂർ അയ്യദഹുല്ലായുടെ സുവർണമായ നിർദേശങ്ങളും വായിച്ചുകേൾപ്പിച്ചു. പിന്നീടുള്ള ദിവസങ്ങളിൽ മൂന്നു നിക്കാഹ് കൂടി നടന്നു. അത് നിർവഹിച്ചത് അഡീഷണൽ നാളിർ ഇസ്ലാഹ് വ ഇർശാദ് തഅലീമുൽ ഖുർആൻ വ വഖ്ഫെ ആർസി മൗലവി ഇനായത്തുല്ലാഹ് സാഹിബും സ്വദർ ഖളാ ബോർഡ് ഖാദിയാൻ മൗലവി മുഹമ്മദ് കരീമുദ്ദീൻ സാഹിബുമായിരുന്നു.

**ഹ്യൂമാനിറ്റി ഫസ്റ്റ് എക്സിബിഷൻ:** 2017 ഖാദിയാൻ ജൽസസാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹിന്റെ സമ്മതത്തോടെ ഹ്യൂമാനിറ്റി ഫസ്റ്റ് ഓഫ് ഇന്ത്യാ ഖാദിയാനിലെ കേന്ദ്ര ലൈബ്രറി ഹാളിൽ എക്സിബിഷൻ സംഘടിപ്പിച്ചു. ഈ പ്രദർശനത്തിൽ ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ കഴിഞ്ഞ രണ്ടുവർഷം നടത്തിയ ജനക്ഷേമകരമായ പ്രവർത്തനങ്ങളുടെ ചിത്രങ്ങളാണ് കാണിച്ചിരുന്നത്. ഇതുപോലെ തന്നെ ഹ്യൂമാനിറ്റിഫസ്റ്റ് ഇന്ത്യ നടത്തിയ മാനവസേവനപ്രവർത്തനങ്ങൾ അടങ്ങിയ പ്രത്യേക ഡോക്യുമെന്ററിയും കാണിച്ചുകൊണ്ടിരുന്നു. ഹ്യൂമാനിറ്റി ഫസ്റ്റ് ഇന്ത്യ തയ്യാറാക്കിയ കുറച്ച് വസ്തുക്കൾ ഉദാഹരണത്തിന് പേന, കീചെയിൻ, കോഫീമഗ് തുടങ്ങിയവ വില്പനയ്ക്കുവേണ്ടി വെച്ചിരുന്നു. ഖാദിയാൻ ജൽസസാലാനയുടെ അവസരത്തിൽ ഈ എക്സിബിഷൻ 2017 ഡിസംബർ 24 മുതൽ 2018 ജനുവരി 5 വരെയാണ് നടന്നത്. ഏകദേശം 7600 ആളുകൾ ഈ എക്സിബിഷൻ സന്ദർശിച്ചു. എക്സിബിഷനിൽ വിസിറ്റർ ബുക്ക് വെച്ചിരുന്നു. അതിൽ കാണികൾ തങ്ങളുടെ അഭിപ്രായങ്ങളും രേഖപ്പെടുത്തി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹ്യൂമാനിറ്റിഫസ്റ്റ് ഇന്ത്യയുടെ ഈ എക്സിബിഷൻ വളരെ ജനപ്രീതി നേടി. ഹ്യൂമാനിറ്റിഫസ്റ്റ്, ഇന്ത്യയുടെ ദൂരദൂര പ്രദേശങ്ങളിൽ മെഡിക്കൽ ക്യാമ്പുകളും, ബ്ലഡ് ഡൊണേഷൻ ക്യാമ്പുകളും ദരിദ്രരെ സഹായിക്കലും വിദ്യാർഥികൾക്ക് ധനസഹായവും, കുടിവെള്ളത്തിനുള്ള സംവിധാനവും ഏർപ്പാട് ചെയ്തുകൊടുക്കുന്നതിനു പുറമെ, പ്രകൃതിദുരന്തങ്ങളുണ്ടാകുന്ന അവസരത്തിൽ ക്ഷണത്തിൽ സഹായമെത്തിക്കുന്നതിനുള്ള ഭാഗ്യവും കരസ്ഥമാക്കിക്കൊണ്ടിരിക്കുന്നു. 2017 ഖാദിയാൻ ജൽസസാലാനയുടെ അവസരത്തിൽ ജൽസാഗാഹിന്റെ അങ്കണത്തിലും ഹ്യൂമാനിറ്റിഫസ്റ്റ് ഇന്ത്യയുടെ ഒരു സ്റ്റാളും ഇട്ടിരുന്നു. 4000 ആളുകൾ ഈ സ്റ്റാൾ സന്ദർശിക്കുകയുണ്ടായി.

**കോട്ടിദാറുസ്സലാമിലെ അന്നൂർ എക്സിബിഷൻ:** 2015ലെ ജൽസസാലാനയുടെ അവസരത്തിൽ ഹൽക്കദാറുസ്സലാമിൽ ഹദ്റത്ത് നവാബ് മുഹമ്മദലി ഖാൻ സാഹിബിന്റെ കോട്ടിയിൽ –ഇവിടെയാണ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തന്റെ അവസാന ദിവസങ്ങൾ ചെലവഴിച്ചത്– റിനോവേറ്റ് ചെയ്ത് 'അന്നൂർ എക്സിബിഷൻ' എന്ന പേരിൽ ഒരു എക്സിബിഷൻ ഉദ്ഘാടനം ചെയ്തിരുന്നു. ഈ വർഷവും ജൽസസാലാനയുടെ അവസരത്തിൽ ധാരാളം സന്ദർശകർ ഈ എക്സിബിഷൻ കാണാനെത്തിയിരുന്നു. നി

## ഇർശാദെ നബ്വി(സ):-

"കുടുംബബന്ധം വിച്ഛേദിക്കുന്നവൻ
സ്വർഗത്തിൽ പ്രവേശിക്കുകയില്ല."
(ബുഖാരി, മുസ്ലിം)

**ത്വാലിബെ ദുആ:**
പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം
അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)

## ഇർശാദെ നബ്വി(സ):-

നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും
ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക."
(സുനൻ ഇബ്നു മാജ)

**ത്വാലിബെ ദുആ:**
അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 01 March 2018 Issue-9

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr
ANNUAL SUBSCRIPTION Rs.300/-

**ANNUAL SUBSCRIPTION** : Rs. 300/- (Per Issue : Rs. 6/-) (**WEIGHT** - 20-50 gms/issue)

ത്യവും സുബ്ഹി നമസ്കാരത്തിനുശേഷം 10 മണിവരെയായിരുന്നു സന്ദർശന സമയം. ജൽസയുടെ മൂന്നു ദിവസം സന്ദർശനസമയം ഇപ്രകാരമായിരുന്നു. സുബ്ഹി നമസ്കാരത്തിനുശേഷം 9 മണിവരെ, മഗ്‌രിബ് ഇശാ നമസ്കാരങ്ങൾക്കുശേഷം രാത്രി 10 വരെ. ഈ പ്രദർശനത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിന്റെ വിവിധ കാലഘട്ടങ്ങൾ ചിത്രങ്ങളിലൂടെയും പോസ്റ്ററുകളിലൂടെയും കാണിക്കപ്പെട്ടു. ഇതിനു പുറമെ നളാറത്ത് നശ്ർ വ ഇശാഅത്തിന്റെ കീഴിൽ നശ്ർ വ ഇശാഅത്തിന്റെ കെട്ടിടത്തിന്റെ അങ്കണത്തിലും ഖുർആൻ എക്സിബിഷന്റേയും ഫോട്ടോ പ്രദർശനത്തിന്റേയും വകുപ്പ് സ്ഥാപിച്ചിരുന്നു. ജൽസ ദിനങ്ങളിൽ ധാരാളമാളുകൾ ഈ പ്രദർശനങ്ങൾ കാണുകയുണ്ടായി.

**എം.ടി.എയിൽ അറബി തൽസമയസംപ്രേഷണം ഇസ്മഊ സ്വൗത്തസ്സമാ:** ജൽസ സാലാനയുടെ അവസരത്തിൽ 2017 ഡിസംബർ 20 മുതൽ 22 വരെ അറബി പരിപാടി 'ഇസ്മഊ സ്വൗത്തസ്സമാ ജാഅൽ മസീഹ് ജാഅൽ മസീഹ്' എം.ടി.എ ഇന്റർനാഷണലിന്റെ ഖാദിയാൻ സ്റ്റുഡിയോയിൽനിന്ന് തത്സമയ സംപ്രേഷണം ചെയ്യപ്പെട്ടു. ഇതിൽ താഴെപറയുന്ന ഉലമാ പങ്കെടുക്കുകയുണ്ടായി. കബാബീർ അഹ്മദിയ്യാ ജമാഅത്ത് അമീർ ശരീഫ് ഔദ സാഹിബ് അവതാരകൻ, ഫത്ഹി അബ്ദുസ്സലാം സാഹിബ് (മിസ്ർ), തമീം അബൂ ദഖ സാഹിബ് (ജോർദാൻ) ത്വാഹിർ അഹ്മദ് നദീം സാഹിബ് (ലണ്ടൻ).

ഈ പരിപാടിയിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അറബികളോടുള്ള സ്നേഹം, അറബി ഭാഷയോടുള്ള പ്രേമം, അറേബ്യക്കാർക്ക് ചെയ്യുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ സേവനം, തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നുകൊണ്ടിരുന്നു. താഴെ കാണുന്ന വിശദവിവരങ്ങളനുസരിച്ച് വിവിധ ഷോർട്ട് ഡോക്യുമെന്ററികളും കാണിക്കപ്പെട്ടു.

1. 2015 ലെ തത്സമയ അറബിപരിപാടിയിൽ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് അറബികൾക്കു നല്കിയ സന്ദേശത്തിന്റെ കുറച്ചുഭാഗം കാണിക്കപ്പെട്ടു.

2. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽ ഖാമിസ് അയ്യദഹുല്ലാഹ് അൽഹിവാറുൽ മുബാശിർ എന്ന പരിപാടിയിൽ പങ്കെടുത്ത് നല്കിയ സന്ദേശത്തിന്റെ വീഡിയോ സംപ്രേഷണം ചെയ്തു.

3. സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്ന്റെ ശബ്ദത്തിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾ Play ചെയ്തു. അവയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അറബികളോടുള്ള സ്നേഹമാണ് നിറഞ്ഞു നില്ക്കുന്നത്.

4. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികളുടെ അറബി തർജമ സമർപിച്ചു.

5. സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ അറബികളോടുള്ള ഉപദേശം.

6. ഹദ്റത്ത് ചൗദരി സഫ്റുല്ലാഹ് ഖാൻ സാഹിബ് അറബികൾക്കുവേണ്ടി ചെയ്ത ആഗോള സേവനങ്ങൾ ചിത്രങ്ങളുടേയും വീഡിയോകളുടേയും രൂപത്തിൽ കാണിക്കപ്പെട്ടു.

7. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രണ്ടു ഖസീദ ഖാദിയാനിലെ ദൃശ്യങ്ങൾ ഉൾപ്പെടത്തി കാണിക്കപ്പെട്ടു. രണ്ടാം ദിവസത്തെ പരിപാടിയിൽ രണ്ടു ടെലിഫോൺ കോൾസ് സ്വീകരിക്കുകയും അതിൽ പങ്കെടുത്തവർ പരിപാടിയുടെ ശീർഷകത്തെ സംബന്ധിച്ച് തങ്ങളുടെ അഭിപ്രായങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു.

**ആഫ്രിക്കക്കാർക്കുവേണ്ടി തത്സമയ പരിപാടി: The Messiah of the Age**

2018 ജനുവരി 3 മുതൽ 5 വരെ അല്ലാഹുവിന്റെ അനുഗ്രഹത്താൽ എം.ടി.എ ഇന്റർ നാഷണലിന്റെ ഖാദിയാൻ സ്റ്റുഡിയോയിൽനിന്ന് The Messiah of the Age എന്ന പേരിൽ ആഫ്രിക്കക്കുവേണ്ടി തത്സമയ സംപ്രേഷണം നടന്നു. ഒരു മണിക്കൂർ പ്രോഗ്രാമായിരുന്നു ഇത്. അത് ഇംഗ്ലീഷിലായിരുന്നു. അതിൽ പങ്കെടുക്കുന്നതിനുവേണ്ടി താഴെ പറയുന്ന അതിഥികൾ ഖാദിയാനിൽ വന്നിരുന്നു. മൗലവി അബ്ദുല്ലാഹ് സാഹിബ് ഡബ്ബാ മുറബ്ബി സിൽസില അമേരിക്ക അവതാരകൻ, മൗലാനാ അള്ഹർ ഹനീഫ് സാഹിബ് നാഇബ് അമീർ അഹ്മദിയ്യാ ജമാഅത്ത് അമേരിക്ക, മൗലാനാ ഹാഫിള് അബ്ദുൽഗനി സാഹിബ് മുറബ്ബി സിൽസില നൈജീരിയ, മൗലവി അബ്ദുർറഹ്മാൻ ചാം സാഹിബ്, അബ്ദുല്ലത്വീഫ് സാഹിബ് അമേരിക്ക, ഹബീബ് ശഫീഖ് സാഹിബ് അമേരിക്ക. ഈ പരിപാടിയിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)ന്റെ ജന്മനാടും വാസസ്ഥലവുമായ ഖാദിയാൻ ദാറുൽഅമാനെ പരിചയപ്പെടുത്തി. സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉൽകൃഷ്ട സ്വഭാവങ്ങളും, ജൽസ സാലാനയെ പരിചയപ്പെടുത്തലും ഇമാം മഹ്ദിയേയും മസീഹ് മൗഊദ്(അ)നേയും വിശ്വസിക്കേണ്ടതിന്റെ പ്രാധാന്യവും അഹ്മദിയ്യാ ഖിലാഫത്തിന്റെ അനുഗ്രഹങ്ങളും ഖിലാഫത്തെ ഖാമിസായുടെ അനുഗ്രഹങ്ങളും വർത്തമാന കാലത്ത് അഹ്മദിയ്യാ ജമാഅത്തിനുണ്ടായ അഭിവൃദ്ധികളും ചർച്ച ചെയ്യപ്പെട്ടു. ഈ പരിപാടിയിൽ താഴെ കാണുന്ന ഷോർട്ട് ഡോക്യുമെന്ററികളും കാണിക്കപ്പെട്ടു. ഖാദിയാനിലെ ദിവ്യസ്ഥലങ്ങളെ പരിചയപ്പെടുത്തി. ജൽസസാലാനയുടെ ഹ്രസ്വ ചരിത്രം വിവരിക്കപ്പെട്ടു. 2017ലെ ഖാദിയാൻ ജൽസയുടെ ദൃശ്യങ്ങൾ സംപ്രേഷണം ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവചരിത്രം ഇന്റർവ്യൂവിന്റെ രൂപത്തിൽ അവതരിപ്പിക്കപ്പെട്ടു. ഖാദിയാനിലെ ദൃശ്യങ്ങൾ കാണിച്ചു. ഒരു അമേരിക്കൻ അഹ്മദിയുടെ അഹ്മദിയ്യത്ത് സ്വീകരണത്തിന്റെ റെക്കോർഡിംഗ് പ്ലേ ചെയ്തു. ഇസ്‌ലാമിക ഖിലാഫത്തിനെ പരിചയപ്പെടുത്തിക്കൊണ്ടുള്ള വീഡിയോകളും അഹ്മദിയ്യാ ഖിലാഫത്തിന്റെ ബർക്കത്തുകളും ആഗോള അഹ്മദിയ്യാ ജമാഅത്തിന്റെ പുരോഗതികളും കാണിച്ചു. എല്ലാ പരിപാടികളിലും വിവിധരാജ്യങ്ങളിൽനിന്നുള്ള ടെലഫോൺ കോളേഴ്സിനെ ഉൾപ്പെടുത്തി. അല്ലാഹുവിന്റെ കൃപയാൽ ആഫ്രിക്കൻ സഹോദരങ്ങളിൽനിന്ന് പ്രസ്തുത പരിപാടിക്ക് അസാധാരണമായ സ്വീകാര്യതയാണ് ലഭിച്ചത്. പ്രത്യേകിച്ചും ഖാദിയാനിൽനിന്ന് നേരിട്ട് സംപ്രേഷണം ചെയ്ത കാരണത്താൽ ആളുകൾ ഈ പരിപാടി വളരെ ഇഷ്ടപ്പെട്ടു. അല്ലാഹു എല്ലാ സേവനം ചെയ്തവരേയും ജൽസയിൽ പങ്കെടുത്തവരേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ദുആകളുടെ അനന്തരാവകാശികളാക്കുമാറാകട്ടെ. ആമീൻ. (റിപ്പോർട്ടിംഗ് വകുപ്പ് ജൽസസാലാന ഖാദിയാൻ 2017)

# വിശുദ്ധ ഖുർആൻ നിത്യവും മുടങ്ങാതെ പാരായണം ചെയ്യുക:

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: "അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദീ മുസ്‌ലീംകളായ നമ്മൾ ഏറ്റവുമധികം ഭാഗ്യവാന്മാരാണ്. കാരണം നമുക്ക് കാലത്തിന്റെ ഇമാമിനെ വിശ്വസിക്കാനുള്ള ഭാഗ്യം സിദ്ധിച്ചിരിക്കുന്നു..... അല്ലാഹു തന്റെ അനുഗൃഹീതവും പരിപൂർണവുമായ ശരീഅത്തു മുഖേന നമുക്ക് മാർഗദർശനം നല്കുന്നുവെന്നത് നമ്മുടെ മഹാഭാഗ്യമാണ്. അത് അവൻ നബി(സ)തിരുമേനിയുടെമേൽ വിശുദ്ധ ഖുർആനിന്റെ രൂപത്തിൽ ഇറക്കിയതാണ്....അതുകൊണ്ട് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക എന്നത് നമുക്കെല്ലാവർക്കും നിർബന്ധമാണ്. എന്തുകൊണ്ടെന്നാൽ വിശുദ്ധ ഖുർആൻ നമ്മുടെ വിജയത്തിലേക്കും മോക്ഷത്തിലേക്കും മാർഗദർശനം നല്കുന്നു. യഥാർഥമായ നിലയിൽ ദുൻയാവിനെക്കാൾ ദീനിനെ മുന്തിക്കണമെന്ന് നമ്മെ പഠിപ്പിക്കുന്ന ആത്മീയ വെളിച്ചമാണിത്. ഇതുതന്നെയാണ് നമ്മുടെ അധ്യാപകനും ജീവാമൃതും....അതുകൊണ്ട് നമ്മളിൽ ഓരോരുത്തരും വിശുദ്ധ ഖുർആൻ നിത്യവും പാരായണം ചെയ്യുമെന്ന കാര്യം നിശ്ചയിച്ചുറപ്പിക്കേണ്ടതാണ്. അതിലെ അഗാധമായ അറിവുകൾ കരസ്ഥമാക്കാൻ ശ്രമിക്കുക. അതിന്റെ എല്ലാ അധ്യാപനങ്ങളുമനുസരിച്ച് കർമങ്ങൾ ചെയ്യാൻ ശ്രമിക്കുക. അല്ലാഹുവിന്റെ ഗ്രന്ഥം പഠിക്കുകയും മനസിലാക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഇന്ന് നമ്മുടെ മനസ്സും ബുദ്ധിയും പവിത്രമാകുകയുള്ളു, നമ്മളിൽ പരിശുദ്ധ മാറ്റം ഉണ്ടാകുകയുള്ളു."

(നാഷണൽ ഇജ്തിമാ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ യു.കെ.2016 സെപ്റ്റംബർ 26)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press. Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin